മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഓർത്തഡോക്സ് യുവജനം

വാല്യം 17
ലക്കം 01
ത്രൈമാസിക



M3 INTERNATIONAL
“നാളെയും നിർമ്മിക്കുന്നത്”

M3 INTERNATIONAL
PRIVATE LIMITED

Construction Management | Villa Construction | Church Construction
Building & Construction Services | Interior & Exterior
Architectural | Design | Land Surveying & Analysis
Cost Estimation & Budgeting | Comprehensive Project
Oversight | Strategic Planning & Coordination

For more details
+91 830 1844 445 - www.m3international.in

# ഓർത്തഡോക്സ് യുവജനം
## ത്രൈമാസിക

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം
പ്രസിദ്ധീകരണം

വാല്യം 17 ലക്കം 01


## താളുകളിലൂടെ......


**പ്രസിഡന്റിന്റെ സന്ദേശം**
ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

**എഡിറ്റോറിയൽ**

**ജനറൽ സെക്രട്ടറിയുടെ കത്ത്**

**ത്രിത്വദർശനത്തിന്റെ പൂർണ്ണത പെന്തിക്കോസ്തിയിൽ**
ഫാ. വർഗീസ് പി. ഇടിച്ചാണ്ടി

**സുറിയാനി പദ പരിചയം**
ഫാ. ലാസറസ് തോമസ്


**ദേശാന്തിരിയുടെ ഹൃദയം**
ഫാ. അജീഷ് ബാബു

**മണ്ണിൽ നിന്ന് മോക്ഷത്തിലേക്ക് : സഭയും പ്രകൃതിയും**
ഫാ. ഗീവർഗ്ഗീസ് ജിൻസ്

**ആരാധനാ സംഗീതത്തിലെ ചികിത്സാ പരിവേഷങ്ങൾ**
ഫാ. ലിജോ തൂക്കനാൽ

**സി. പി. ചാണ്ടി മലങ്കരയുടെ അപ്രേം**
ഷെറിൻ സാറാ സൈമൺ

**മലങ്കര സഭയുടെ രക്തസാക്ഷികൾ**
സഖറിയാ പെരുമ്പടവം


**എഡിറ്റോറിയൽ ബോർഡ്**

പ്രസിഡന്റ്
ഡോ.ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത

വൈസ് പ്രസിഡന്റ്
ഫാ. ജെയിൻ സി. മാത്യു

ജനറൽ സെക്രട്ടറി
ഫാ. വിജു ഏലിയാസ്

ട്രഷറാർ
രെഞ്ചു എം. ജോയി

എഡിറ്റർ
ഫാ.ലൂക്ക് ബാബു

പബ്ലിഷർ
റോബിൻ ജോ വർഗീസ്

ബോർഡ് അംഗങ്ങൾ
അനീഷ് ജേക്കബ് തയ്യിൽ
ഗീവിസ് മർക്കോസ്



വിലാസം
ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ,
ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്
ചുങ്കം, കോട്ടയം-1


Phone : 0481 2583997
e-mail : orthodoxyuvajanam1936@gmail.com
facebook : ocymmediawing
e-reading : www.ocymonline.org

printed at : peediakkal thiruvalla. ph. 94958 37117




## പ്രസിഡന്റിന്റെ സന്ദേശം...

# വിശ്വസ്ഥതനും ബുദ്ധിമാനുമായ ദാസൻ: വിശുദ്ധിയുടെ മൗലികതലം



**ഡോ. ഗീവർഗീസ് മാർ
യൂലിയോസ്
മെത്രാപ്പോലീത്താ**

*__യേ__ശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ സമാപനത്തോട് അടുത്തപ്പോൾ ശിഷ്യസമൂഹത്തോട് സ്വകാര്യമായി നൽകിയ പ്രബോധനത്തിൽ ഉൾപ്പെടുന്നതാണ് വിശ്വസ്ഥതനും ബുദ്ധിമാനുമായ ദാസന്റെ ഉപമ. യജമാനൻ വരുമ്പോൾ ഉണർവോടും ജാഗ്രതയോടും ആ ദാസൻ പ്രവർത്തിക്കുന്നു. ദൈവദത്തമായി ഭരമേല്പിച്ച ദൗത്യങ്ങൾ കാര്യക്ഷമതയോടും ഫലപ്രദമായും വിനിയോഗിക്കുന്നു. ഇപ്രകാരം വിശ്വസ്ഥതയോടും ബുദ്ധിപൂർവ്വവുമായി ക്രിസ്തീയ ജീവിതം നയിച്ചവരാണ് മാർ ബഹനാം സഹദായും സഹോദരി മർത്ത് സാറായും.*


*അവർ പ്രക്ഷുബ്ധമായ ജീവിതസാഹചര്യങ്ങളിൽ ദൈവാശ്രയത്തോടെ ജീവിച്ചു. ഉത്തമദാസൻ ദൈവത്തിൽ ആശ്രയിച്ച് മുന്നോട്ടു പോകുന്നു. തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ ജീവിതത്തെ ക്രമീകരിക്കുന്നു. കാപട്യം കൂടാതെ ഭക്തജീവിതം മുന്നോട്ടു കൊണ്ടുപോകുന്നു. ആത്മാവിന്റെ ഫലമായ (ഗലാത്യർ 5:22-23) സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ ഉത്പാദിപ്പിക്കുന്നു.*

*ഇപ്രകാരം ക്രിസ്തു കേന്ദ്രീകൃതമായ ജീവിതം നയിക്കുന്നു. ആത്യന്തികമായി തന്റെ ജീവിതം, പ്രവർത്തനങ്ങൾ എന്നിവയിലൂടെ ദൈവത്തെ നിരന്തരം മഹത്വപ്പെടുത്താനും ശ്രമിക്കുന്നു. ജീവദാതാവായ ദൈവത്തിന് നിരന്തരം നന്ദി അർപ്പിക്കുന്നു.*

*വിശ്വസ്ഥനും ബുദ്ധിമാനുമായ ദാസൻ ദൈവദത്തമായി ലഭിക്കുന്ന താലന്തുകൾ ഉപയോഗിച്ച് ദൈവസ്നേഹത്തെ പകർന്നു നൽകുന്നു. അത് യേശുക്രിസ്തു പകർന്നു നൽകിയ സ്നേഹത്തിന്റെ പ്രതിഫലനമാണ്. കേവലമായ വികാര പ്രകടനമല്ല അത്.*

*നീതിയും സത്യവും ധാർമ്മിക ഔന്നത്യവും കൈമുതലാക്കിയിരിക്കുന്നതിനാൽ ആരോടും വിദ്വേഷമോ, പകയോ, അസൂയയോ പുലർത്തുന്നില്ല. പാപത്തെ കുറിച്ചും ശരി-തെറ്റുകളെ കുറിച്ചും കൃത്യമായ ധാരണയുള്ളതിനാൽ നന്മയും നീതിയും കരുണയും നിറഞ്ഞ ദൈവത്തിലേക്ക് അനുതാപത്തോടെ കടന്നുവരുന്നു.*

*ഇങ്ങനെ ഉത്തമവും മാതൃകാപരവുമായ ക്രിസ്തീയ ജീവിതം നയിക്കുന്നവർക്കാണ് ദൈവഭവനത്തിൽ വസിക്കാനും വിശുദ്ധിയിൽ വളരാനും കഴിയുക. അവർ ദൈവത്തെ ഭയപ്പെട്ട് ആരാധിക്കുകയും ദൈവിക കല്പനകൾ പ്രമാണിക്കുന്നതിൽ ആനന്ദം കണ്ടെത്തുകയും ചെയ്യുന്നു. അവർ എല്ലാ ഭൗതികതയോടും കൃത്യമായ അകലം വിവേചനത്തോടെ പാലിച്ച് ദൈവത്തെ മാത്രം സേവിക്കുന്നു. അവർ ദൈവത്തിന് പ്രീയപ്പെട്ടവരാണ്. അവരുടെ പ്രാർത്ഥനാ മദ്ധ്യസ്ഥത ശ്രേഷ്ഠവും ഫലദായകവുമാണ്.*



# പ്രത്യാശയുള്ളവരാകുക

## എഡിറ്റോറിയൽ

**ഫാ. ലൂക്ക് ബാബു**
(യൂഥിക)
ചീഫ് എഡിറ്റർ

'വ്യത്യസ്ത അനുഭവങ്ങൾക്കും കാഴ്ചപ്പാടുകൾക്കും തുല്യ പ്രാധാന്യമെന്ന ആശയമാണ് ഉത്തരാധുനികത കാലഘട്ടത്തിന്റെ അടിസ്ഥാനം. നവയുഗ സൃഷ്ടിയുടെ വക്താക്കളായി മാറേണ്ട യുവതി യുവാക്കൾ പ്രത്യാശയുടെ പുൽനാമ്പിനെക്കാൾ ക്ഷണിക നേട്ടങ്ങളുടെ വടവൃക്ഷങ്ങളെയാണ് പലപ്പോഴും ആശ്രയിക്കുന്നത്. ഇത് ഉത്തരാധുനികതയുടെ മാസ്മരിക വിസ്മയം തന്നെയാണ്. കാരണം മാനുഷിക ബന്ധങ്ങളെക്കാൾ സാങ്കേതിക വിദ്യകളുടെ പല അനുഭവങ്ങൾക്കും കാഴ്ചപ്പാടുകൾക്കുമാണ് ഇവിടെ പ്രാധാന്യം.

കടലിൽ വലിയ ഓളം ഉണ്ടായിട്ട് ക്രിസ്തുവും ശിഷ്യന്മാരും സഞ്ചരിച്ച പടക് തിരകളാൽ മുങ്ങുമാറായി. ഈ അവസരത്തിൽ ക്രിസ്തുവിന്റെ അടുക്കൽ ശിഷ്യന്മാർ ആവലാതി പറഞ്ഞപ്പോൾ മയക്കത്തിൽ നിന്നുണർന്ന കർത്താവ് അവരോട് പറഞ്ഞത് ' അല്പ വിശ്വാസികളെ, നിങ്ങൾ ഭീരുക്കൾ ആകുവാൻ എന്ത് ' എന്നാണ്. അതിന് ശേഷം യേശു കാറ്റിനെ ശാന്തമാക്കുന്നുമുണ്ട് ( വി.മത്തായി 8: 24-26 ).

ഭീരുക്കളുടെ സവിശേഷത പ്രത്യാശയുടെ ചെറുതിരുനാളം തെളിയിക്കുകയില്ല എന്നതും അവരുടെ സുവിശേഷം നിഷേധാത്മകവുമായിരിക്കും. നിങ്ങൾ പ്രത്യാശയുള്ളവരും ഊർജ്ജസ്വലരും ആത്മവിശ്വാസമാർജ്ജിക്കണമെന്നും പാരസ്പരികമായ ബന്ധത്തിൽ ശക്തിപ്പെടണം എന്നുള്ള പ്രായോഗിക തത്വം ക്രിസ്തുശിഷ്യന്മാരോട് വിളിച്ചുപറയുന്നുണ്ട്.

ശ്ലീഹാ നോമ്പിന്റെ കാലമാണിത്..... ശ്ലീഹന്മാരുടെ ക്രിസ്തുവിനോടൊപ്പമുള്ള ജീവിതവും അതിന് ശേഷമുള്ള സാക്ഷ്യ



ത്തിന്റെ ജീവിതവും നമ്മുടെ സ്മരണയിൽ അനുകരിക്കേണ്ടുന്ന ഓർമപ്പെടുത്തലുകൾ കൂടിയാണിത്. ഉത്തരാധുനികതയുടെ മാസ്മരിക ജീവിത- സാഹചര്യ പശ്ചാത്തലത്തിൽ, ക്രിസ്തു ശിഷ്യന്മാരോട് പറഞ്ഞ പ്രത്യാശയും ധൈര്യം നൽകുന്നതുമായ പ്രായോഗിക തത്വം നമുക്കും അനുകരണീയമാണ്.

ജീവിതവും പ്രവർത്തിയും നിറഞ്ഞ പടകിൽ പ്രത്യാശയോടെ മുന്നോട്ട് പോകുമ്പോൾ ചിലപ്പോൾ ലോകത്തിന്റെ ക്രൂര കൊടുങ്കാറ്റാഞ്ഞടിച്ചേക്കാം. ആ വേളയിൽ പ്രത്യാശയുടെ ചെറു കിരണത്തെ ദർശിക്കാതെ ആവലാതിയുടെ പിന്നാമ്പുറം തേടുന്നു എന്നത് ഉത്തരാധുനികതയുടെയും കൂടി അടയാളമായിരിക്കുന്നു .ജീവിതമാകുന്ന തോണിയുടെ അരികിലെവിടെയോ പ്രത്യാശയുണ്ടെന്നും അത് തങ്ങൾക്ക് സാധ്യതയുള്ളതാണെന്നും അതിൽ പിടിച്ച് കരകയറാമെന്നും യുവജനങ്ങൾ കരുതന്ന നിശ്ചയദാർഢ്യമായ പ്രത്യാശ അനിവാര്യമാണ്.

അതിനാൽ ജീവിതത്തിൽ ലോകത്തിന്റെ തിരമാലകൾക്കെതിരെ നീന്തേണ്ടി വന്നേക്കാം... പ്രതിസന്ധികളുടെ കൊടുങ്കാറ്റ് ആഞ്ഞടിച്ചേക്കാം... മൂല്യങ്ങളും ആശയങ്ങളും വഴിതെറ്റിപ്പോയേക്കാം... അവിടെ കുടുംബം, വിശ്വസ്തത, വിശ്വാസം, സ്നേഹം, ത്യാഗം, സേവനം നിത്യജീവൻ എന്നീ പതറാത്ത മൂല്യങ്ങൾ മുറുകെപ്പിടിച്ച് ജീവിക്കുവാനും ജീവിതത്തിൽ മുന്നോട്ടു പോകുവാനും യുവജനതയ്ക്ക് സാധ്യമാകണം. ഒർത്ഥത്തിൽ 'പ്രത്യാശയുടെ സഹയാത്രികരാവുക' എന്നതാവണം നമ്മുടെയൊക്കെ ആപ്തവാക്യം... അതാണ് ശ്ലീഹന്മാരോട് ക്രിസ്തു പറഞ്ഞതും 'നിങ്ങൾ പ്രത്യാശയുള്ളവരാകുക...'

## വെല്ലുവിളികളെ അതിജീവിച്ച് മലങ്കര സഭ നേടിയെടുത്ത സ്വാതന്ത്ര്യം ആരുടെ മുന്നിലും അടിയറവു വയ്ക്കില്ല

### ബസ്സേലിയോസ് മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവ



ബുധനൂർ : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കാതോലിക്കാ ദിനാഘോഷം ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ബുധനൂർ സെന്റ് ഏലിയാസ് ഓർത്തഡോക്സ് ദേവാലയത്തിൽ വച്ച് നിർവഹിക്കപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉത്ഘാടനം ചെയ്ത സമ്മേളനത്തിൽ കാലാകാലങ്ങളിൽ നേരിട്ട വിവിധ വെല്ലുവിളികളെ അതിജീവിച്ച് മലങ്കര സഭ നേടിയെടുത്ത സ്വാതന്ത്ര്യം ആരുടെ മുന്നിലും അടിയറവു വയ്ക്കുവാൻ മലങ്കര നസ്രാണി സമൂഹം തയ്യാറാവുകയില്ലായെന്ന് ആഹ്വാനം ചെയ്തു.

ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സിനിമാതാരം അജു വർഗീസ് വിശിഷ്ടാതിഥിയായിരുന്നു. കേന്ദ്ര പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അനുഗ്രഹ സന്ദേശം നല്കി. മാർ അത്താനാസിയോസ് മെഡികെയർ പദ്ധതിയുടെ ഉത്ഘാടനം മന്ത്രി സജി ചെറിയാൻ നിർവഹിച്ചു. ഇടവക വികാരി ഫാ. സ്റ്റീഫൻ വർഗീസ് കാതോലിക്കാ ദിന പ്രതിജ്ഞ ചൊല്ലി കൊടുത്തു.

വൈദിക ട്രസ്റ്റി ഫാ.ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ. പി. കെ. കോശി, യുവജനപ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ജെയിൻ സി. മാത്യു, കേന്ദ്ര ട്രഷറാർ രഞ്ജു എം. ജോയി, യുവജന പ്രസ്ഥാനം ചെങ്ങന്നൂർ ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. എൽവിൻ തോമസ്, ജനറൽ സെക്രട്ടറി അപ്രേം കുന്നിൽ, കേന്ദ്ര കമ്മറ്റിയംഗം റോബിൻ ജോ വർഗീസ്, റീജണൽ സെക്രട്ടറി അബു ഏബ്രഹാം വീരപ്പള്ളിൽ, കേന്ദ്ര സമിതി അംഗം റീനു തോമസ്, ഇടവക ട്രസ്റ്റി അഡ്വ. ജോമോൻ വർഗീസ് എന്നിവർ പ്രസംഗിച്ചു.

സമ്മേളനത്തിനു മുന്നോടിയായി ചക്കാലേത്ത് ജംഗ്ഷനിൽ നിന്നും സമ്മേളന നഗരിയിലേക്ക് പ്രൗഢഗംഭീരമായ വിളംബര ഘോഷയാത്ര നടന്നു. സഭയുടെ വിവിധ ഭദ്രാസനങ്ങളിൽ നിന്നും 1000 ഓളം അംഗങ്ങൾ പങ്കെടുത്തു.



ജനറൽ സെക്രട്ടറിയിൽ നിന്ന് ....

# ഡിജിറ്റൽ യുഗത്തിലെ ക്രിസ്തീയ യൗവനം വെല്ലുവിളികളും പ്രത്യാശകളും



ഫാ. വിജു ഏലിയാസ്

മാറ്റങ്ങളുടെ ഒരു മഹാപ്രവാഹത്തിലൂടെയാണ് ഇന്നത്തെ ലോകം കടന്നുപോകുന്നത്. സാങ്കേതികവിദ്യയുടെ അതിപ്രസരവും, ആഗോളവൽക്കരണവും, മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക മൂല്യങ്ങളും മനുഷ്യജീവിതത്തെ, പ്രത്യേകിച്ച് യുവതലമുറയെ സ്വാധീ നിച്ചുകൊണ്ടിരിക്കുന്നു. വിരൽത്തുമ്പിൽ ലോകം ചുരുങ്ങുമ്പോൾ, ഹൃദയങ്ങൾ തമ്മിലുള്ള അകലം വർദ്ധിക്കുന്നുവോ എന്ന ചോദ്യം ഇന്ന് പ്രസക്തമാണ്. ഈ ആധുനിക യുഗത്തിൽ ഒരു ഓർത്തഡോക്സ് ക്രിസ്തീയ യുവാവോ യുവതിയോ ആയി ജീവിക്കുക എന്നത് വലിയൊരു വെല്ലുവിളിയും അതോടൊപ്പം തന്നെ ഒരു വലിയ ദൗത്യവുമാണ്.

**ആധുനികതയുടെ വെല്ലുവിളികൾ**

ഇന്നത്തെ യുവത്വം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി 'Identity Crisis' അഥവാ സ്വത്വപ്രതിസന്ധിയാണ്. സോഷ്യൽ മീഡിയയിലെ ലൈക്കുകളുടെയും കമന്റുകളുടെയും എണ്ണത്തിൽ തങ്ങളുടെ മൂല്യം അളക്കാൻ യുവാക്കൾ നിർബന്ധിതരാകുന്നു. ഡിജിറ്റൽ ലോകം നൽകുന്ന താൽക്കാലിക സന്തോഷങ്ങൾക്കിടയിൽ, ആത്മീയമായ ശൂന്യത അനുഭവിക്കുന്നവർ കുറവല്ല.

മറ്റൊരു പ്രധാന പ്രതിസന്ധി വർദ്ധിച്ചുവരുന്ന മാനസിക സമ്മർ ദ്ദങ്ങളും (Stress) ഒറ്റപ്പെടലുമാണ്. കരിയറിനെക്കുറിച്ചുള്ള ആശങ്കകൾ, മത്സരബുദ്ധി നിറഞ്ഞ അന്തരീക്ഷം, ലഹരി പദാർത്ഥ

ങ്ങളുടെ എളുപ്പത്തിലുള്ള ലഭ്യത എന്നിവ പലരെയും വഴിതെറ്റിക്കുന്നു. ഇവിടെയാണ് സഭയ്ക്കും വിശ്വാസത്തിനും യുവജന പ്രസ്ഥാനങ്ങൾക്കും വലിയൊരു പങ്കുവഹിക്കാനുള്ളത്.

**ഓർത്തഡോക്സ് വിശ്വാസത്തിന്റെ പ്രസക്തി**

ഈ കൊടുംകാറ്റിൽ ഉലയാതെ നിൽക്കാൻ ഓർത്തഡോക്സ് സഭയുടെ പാരമ്പര്യവും ആരാധനാക്രമ ജീർണ്ണതയില്ലാത്ത ആത്മീയതയും നമുക്ക് കരുത്തു നൽകുന്നു. നമ്മുടെ സഭ വെറുമൊരു ചടങ്ങല്ല, മറിച്ച് ജീവനുള്ള ഒരു അനുഭവമാണ്.

*ആരാധനയിലെ പങ്കാളിത്തം :*

വിശുദ്ധ കുർബാനയും നോമ്പും പ്രാർത്ഥനകളും കേവലം ആചാരങ്ങളല്ല, മറിച്ച് അത് നമ്മുടെ ആത്മാവിന് ലഭിക്കുന്ന പ്രതിരോധ കുത്തിവെയ്പ്പുകളാണ്.

*കൂട്ടായ്മയുടെ ശക്തി :*

യുവജനപ്രസ്ഥാനം പോലുള്ള വേദികൾ യുവാക്കൾക്ക് പരസ്പരം താങ്ങാവാനും ക്രിസ്തീയ സ്നേഹത്തിൽ വളരാനും ഉള്ള മികച്ച അവസരങ്ങളാണ്.

*യുവാക്കൾ സഭയുടെ നാളെയല്ല, ഇന്നാണ്!*

'യുവാക്കൾ സഭയുടെ നാളത്തെ വാഗ്ദാനങ്ങളാണ്' എന്ന് പൊതുവെ പറയാറുണ്ട്. എന്നാൽ സത്യത്തിൽ, യുവാക്കൾ സഭയുടെ ഇന്നാണ്. നിങ്ങളുടെ ഊർജ്ജവും ചിന്തകളും കഴിവുകളും സഭയ്ക്കും സമൂഹത്തിനും ഇപ്പോൾത്തന്നെ ആവശ്യമുണ്ട്.

ഡിജിറ്റൽ ലോകത്തെ പൂർണ്ണമായി തള്ളിക്കളയേണ്ടതില്ല, പകരം അതിനെ നന്മയ്ക്കായി എങ്ങനെ ഉപയോഗിക്കാം എന്ന് ചിന്തിക്കണം. നവമാധ്യമങ്ങളിലൂടെ ക്രിസ്തുവിന്റെ സ്നേഹവും സഭയുടെ സത്യവിശ്വാസവും പ്രഘോഷിക്കാൻ യുവാക്കൾക്ക് സാധിക്കണം. സൈബർ ഇടങ്ങളിൽ സൈബർ ബുല്ലിയിങ്ങിനെതിരെയും അധാർമ്മികതയ്ക്കെതിരെയും ശബ്ദമുയർത്തുന്ന പ്രകാശഗോപുരങ്ങളാകാൻ നമുക്ക് കഴിയണം.

**കാരുണ്യത്തിന്റെ കരങ്ങളാകാം**

യഥാർത്ഥ ക്രിസ്തുശിഷ്യത്വം എന്നത് പള്ളിയുടെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങുന്നതല്ല. അത് സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നതാണ്. വിശക്കുന്നവന് ആഹാരമാകാനും, രോഗിക്ക് ആശ്വാസമാകാനും, ഒറ്റപ്പെട്ടവർക്ക് കൂട്ടാകാനും യുവജന പ്രസ്ഥാനത്തിന് സാധിക്കണം. പരിസ്ഥിതി സംരക്ഷണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിൽ നമ്മുടെ യുവത്വം സജീവമായി പങ്കാളികളാകേണ്ടതുണ്ട്.

ഉയർന്ന രാഷ്ട്രീയ ബോധവും ദേശീയോദ്ഗ്രഥനവും യുവജനങ്ങളിൽ ഉണ്ടാകേണ്ടത് അനുപേക്ഷണീയമാണ്. സർക്കാരുകൾ ക്രിയാത്മകമായും സാമൂഹിക പ്രതിബദ്ധതയോടെയും പ്രവർത്തിക്കുവാൻ ജാഗരൂഗരാകണം. യുവജനങ്ങളുടെ പ്രാതിനിധ്യം വളരെ കൂടുതലുള്ള നിയമ നിർമാണ സഭയിൽ യുവജനങ്ങളുടെ ഭാവിയെക്കുറിച്ചുള്ള കരുതൽ ചർച്ചയാകണം. സമ്പത്തിന്റെ സന്തുലിതമായ വിതരണവും വിനിമയവും ആരോഗ്യകരമായ സാമൂഹിക ഘടനയും പരസ്പര ബഹുമാനവും ആദരവുമാണ് നല്ല ഒരു സമൂഹ സൃഷ്ടിക്ക് അവശ്യമായത്. സമ്പത്ത് ഒരാളിൽ കേന്ദ്രീകരിക്കപ്പെടുകയും അയാൾ അധിപതിയാവുകയും ചെയ്യുന്ന പ്രവണത സംഘർഷങ്ങൾക്കും അരാജകത്വങ്ങൾക്കും വഴി തുറക്കും. പടിഞ്ഞാറൻ രാജ്യങ്ങളിലേക്ക് യുവാക്കൾ കുടിയേറുവാൻ കൊതിക്കുന്നതിനുപിന്നിലുള്ള വസ്തുത പഠനവിധേയമാകണം.

പ്രിയ സുഹൃത്തുക്കളെ,


ലോകത്തിന്റെ പ്രലോഭനങ്ങൾക്ക് മുൻപിൽ പതറാതെ, ഓർത്തഡോക്സ് വിശ്വാസത്തിന്റെ ആഴങ്ങളിൽ വേരൂന്നിനിന്നുകൊണ്ട് നമുക്ക് മുന്നോട്ട് പോകാം. പാരമ്പര്യത്തെ മുറുകെപ്പിടിച്ചുകൊണ്ട് തന്നെ ആധുനിക ലോകത്തോട് സംവദിക്കാൻ നമുക്ക് കഴിയണം. ക്രിസ്തുവിലുള്ള പ്രത്യാശ കൈവിടാതെ, സ്നേഹത്തിലും നിർമ്മലതയിലും നമുക്ക് മാതൃകകളാകാം. സഭയെയും സമൂഹത്തെയും നയിക്കാൻ, ക്രിസ്തുവിന്റെ പടയാളികളായി നമുക്ക് ഒന്നിച്ച് അണിനിരക്കാം.

# ത്രിത്വദർശനത്തിന്റെ പൂർണ്ണത
# പെന്തിക്കോസ്തിയിൽ



യഹൂദന്മാരുടെ പെരുന്നാളുകളെ ക്രിസ്തു തന്റെ ജീവിതവുമായി ബന്ധപ്പെട്ട ആത്മീയ പെരുന്നാളുകളാക്കി മാറ്റി. പെസഹാ, കുടാരപ്പെരുന്നാൾ, പെന്തെക്കോസ്തി തുടങ്ങി നിരവധി യഹൂദ പെരുന്നാളുകൾ ക്രിസ്തുവിന്റെ ജീവിതത്തിലെ രക്ഷാകര സംഭവങ്ങളുമായി ബന്ധപ്പെട്ടു പുതിയ അർത്ഥം പ്രാപിച്ചു.

യഹൂദന്മാർക്ക് പെസഹാ മിസ്രയീമിൽ നിന്നുള്ള വിമോചനത്തിന്റെ ഓർമ്മയായിരുന്നുവെങ്കിൽ, ക്രിസ്തു അതിനെ തന്റെ ശരീരവും രക്തവും നമുക്കായി അർപ്പിച്ച പുതിയ നിയമത്തിലെ പെസഹായാക്കി മാറ്റി. കുടാരപ്പെരുന്നാൾ മരുഭൂമിയിൽ ഇസ്രായേൽ മക്കൾ കുടാരം അടിച്ചു പാർത്തതിന്റെ ഓർമ്മയായിരുന്നുവെങ്കിൽ, ക്രിസ്തു അതിലൂടെ ദൈവരാജ്യത്തിന്റെ രഹസ്യം തന്റെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തി. യഹൂദന്മാർക്ക് പെന്തെക്കോസ്തി വാരോത്സവമാന്നുവെങ്കിൽ, ക്രൈസ്തവ സഭയ്ക്ക് അത് പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളത്തമായ പരിശുദ്ധ റൂഹാ ശ്ലീഹന്മാരിൽ ആവസിച്ച ദിനമായി മാറി.



ഫാ. വർഗീസ് പി.
ഇടിച്ചാണ്ടി

നമ്മുടെ വിശ്വാസത്തിൽ ആദ്യം നാം പിതാവിനെക്കുറിച്ചാണ് അറിയുന്നത്. സ്വർഗ്ഗീയ സിംഹാസനത്തെയും ദൈവരാജ്യത്തെയും കുറിച്ചുള്ള അറിവ് പിതാവിലൂടെ മനുഷ്യർക്കു ലഭിച്ചു. സൃഷ്ടിവിവരണത്തിലുപോലും പിതാവിന്റെ സാന്നിധ്യം നാം കാണുന്നു. എന്നാൽ പിതാവിനോടുകൂടെ അനാദികാലം മുതൽ ഉണ്ടായിരുന്ന പുത്രൻ കാലത്തിന്റെ പൂർണ്ണതയിൽ കന്യകയിൽ നിന്നുള്ള ജനനത്തിലൂടെ വെളിപ്പെട്ടു. അദൃശ്യനായ പിതാവ് അദൃശ്യനായിരുന്ന പുത്രനെ ലോകത്തിനു വെളിപ്പെടുത്തി. അവൻ മനുഷ്യനായി നമ്മുടെ ഇടയിൽ വന്നു പാർത്തു. കന്യകയിൽ നിന്നു ജനിച്ച പുത്രൻ മനുഷ്യർക്കു ദൃശ്യനായി.

ഇങ്ങനെ ക്രിസ്തുവിന്റെ വിശുദ്ധ ശുശ്രൂഷയിലൂടെ പിതാവിനെയും പുത്രനെയും കുറിച്ചുള്ള അറിവ് മനുഷ്യർക്കു ലഭിച്ചു. അതോടൊപ്പം വീണുപോയ മനുഷ്യനെ വീണ്ടെടുക്കുന്നതിനായുള്ള ദൈവിക പദ്ധതിയും വെളിപ്പെട്ടു. മനുഷ്യാവതാരം, മാമോദീസ, മരുഭൂമിയിലെ ഉപവാസം, വിശുദ്ധ കുർബാന, ക്രൂശുമരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം ഇവയൊക്കെയും മനുഷ്യന്റെ വീഴ്ചയ്ക്ക് പരിഹാരമായ രക്ഷാമാർഗ്ഗങ്ങളാണ്.

വീണുപോയ മനുഷ്യനെ ഉയർത്തുവാൻ ക്രിസ്തു മനുഷ്യനായി. പാപത്തിൽ നിന്നു ജീവന്റെ വഴിയിലേക്ക് മനുഷ്യനെ നയിക്കുവാൻ അവൻ മാമോദീസ സ്വീകരിച്ചു. ആദാമിനെ വീഴ്ത്തിയ പരീക്ഷകനെ ജയിക്കുവാൻ അവൻ മരുഭൂമിയിൽ ഉപവസിച്ചു. പറുദീസയിൽ നഷ്ടപ്പെട്ട ജീവവൃക്ഷഫലത്തിന്റെ പകരമായി അവൻ

# സുറിയാനിപദ പരിചയം



**ഫാ. ലാസറസ് തോമസ്**
(സെന്റ് ജോർജ് ആശ്രമം,
ചായലോട്)

**സ്വർഗ്ഗാരോഹണം**

സൂലോക്കോ (ܣܘܠܩܐ) സ്‌ലേക് (ܣܠܩ) എന്ന ക്യാധാതുവിൽ നിന്നുമാണ് സൂലോക്കോ വരുന്നത്. ആരോഹണം കരേറ്റം എന്നൊക്കെയാണ് ഇതിനർത്ഥം. നമ്മുടെ കർത്താവിന്റെ പുനരുദ്ധാനത്തിനു ശേഷം നാൽപ്പതാം ദിവസം സ്വർഗ്ഗത്തിലേക്ക് തന്റെ പിതാവിന്റെ വലതുഭാഗത്തേക്ക് കരേറി പോയതിന്റെ അനുഭവം ഉൾക്കൊള്ളുന്ന ഈ പെരുന്നാൾ സ്വർഗ്ഗാരോഹണം എന്ന് നാം വിളിക്കുന്നു. വിശുദ്ധ കുർബാനയിൽ വിശുദ്ധ രഹസ്യങ്ങളുടെ ആഘോഷം അനാഫോറയിൽ നടത്തപ്പെടുമ്പോൾ ഈ സ്വർഗ്ഗാരോഹണം നാം ആഘോഷപൂർവ്വം നടത്തുന്നു. വിശ്വാസ പ്രമാണത്തിൽ സ്വർഗ്ഗത്തിലേക്ക് കരേറി എന്നു പറയുന്നിടത്ത് (സ്‌ലേക്) ഈ പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. നമ്മുടെ കർത്താവിന്റെ വിശുദ്ധ കുരിശിനെ പ്രത്യേകമായി ആരാധനാ വിഷയമാക്കുന്ന വലിയ വെള്ളിയാഴ്ചയിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും കുരിശിൽ കരേറി എന്ന് പറയുന്നിടത്ത് എല്ലാം സ്‌ലേക് എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്.

**പെന്തിക്കോസ്തി (ܦܢܛܩܘܣܛܝ)**

ഗ്രീക്കു പദമായ Πεντηκοστή (Pentēkostē) നിന്നുമാണ് ഈ സുറിയാനി പദം കടമെടുത്തിട്ടുള്ളത്. അൻപതാമത്തെ എന്നർത്ഥമുള്ള ഈ പദം ഉയിർപ്പ് പെരുന്നാളിന് ശേഷമുള്ള അൻപതാമത്തെ ദിവസം ആഘോഷിക്കുന്നു.

**ശ്ലീഹാ നോമ്പ്**

വളരെ സുപരിചിതമായ ഈ പദം ക്രിസ്തീയ വിശ്വാസത്തിൽ ആദ്യന്തം ഉപയോഗിക്കുന്നു ശ്ലീഹാ (ܫܠܝܚܐ) എന്നാൽ അയക്കപ്പെട്ടവൻ എന്നാണ്. അയയ്ക്കുക എന്നർത്ഥമുള്ള ശ്ലാഹ് (ܫܠܚ) എന്ന പദത്തിൽ നിന്നും ഈ പദം ഉരുത്തിരിഞ്ഞു വരുന്നു

*വിശുദ്ധ കുർബാന എന്ന ജീവന്റെ രഹസ്യം മനുഷ്യർക്കു നൽകി. തന്റെ മരണത്തിലൂടെയും ഉയിർപ്പിലൂടെയും മരണം ജയിക്കപ്പെടുന്നതും മനുഷ്യന് നിത്യജീവന്റെ പ്രത്യാശ ലഭിക്കുന്നതും അവൻ വെളിപ്പെടുത്തി.*


*ഇങ്ങനെ പുത്രനെ നമ്മുടെ രക്ഷയ്ക്കായി വന്ന ദൈവപുത്രനായി നാം തിരിച്ചറിഞ്ഞു. എങ്കിലും ശിഷ്യന്മാർക്ക് ക്രിസ്തുവിനെപ്പോലെ ജീവിതസാഹചര്യങ്ങളെ നേരിടുവാൻ സ്വന്തം ശക്തികൊണ്ട് സാധിച്ചില്ല. അതുകൊണ്ട് തങ്ങളോടുകൂടെ നടന്നിരുന്ന ക്രിസ്തുവിൽ നിന്നു വ്യത്യസ്തമായി, അവരുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധ റൂഹാവിനെ നൽകുവാൻ ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു. അങ്ങനെ പരിശുദ്ധ റൂഹാ വിശ്വാസികളുടെ ഉള്ളിൽ വസിച്ചുകൊണ്ട് ക്രിസ്തുവിന്റെ പ്രവർത്തനം ലോകത്തിൽ തുടരുവാൻ അവർക്കു ശക്തി നൽകി.*

*അതുകൊണ്ടുതന്നെ പെന്തെക്കോസ്തി നമ്മെ പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം കൂടുതൽ വ്യക്തമായി പഠിപ്പിക്കുന്നു. പിതാവ് അദൃശ്യമായ ദൈവരാജ്യത്തെ വെളിപ്പെടുത്തി. പുത്രൻ വീണുപോയ മനുഷ്യനെ വീണ്ടെടുത്തു മനുഷ്യരോടുകൂടെ നടന്നു. പരിശുദ്ധ റൂഹാ വിശ്വാസികളുടെ ഉള്ളിൽ വസിച്ചുകൊണ്ട് അവരെ ക്രിസ്തുവിനെപ്പോലെ ജീവിക്കുവാനും പ്രവർത്തിക്കുവാനും പ്രാപ്തരാക്കി.*

## ലോക പരിസ്ഥിതി ദിനം ആചരിച്ചു കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനം

കിഴുമുറി : കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെയും കിഴുമുറി സെന്റ് ജോർജ് വലിയ പള്ളി യുവജനപ്രസ്ഥാനത്തിന്റെയും നേതൃത്വത്തിൽ ജൂൺ 5 നു പരിസ്ഥിതി ദിനം ആചരിച്ചു. ഭദ്രാസന യുവജനപ്രസ്ഥാനം വൈസ് പ്രസിഡണ്ടും കിഴുമുറി സെന്റ് ജോർജ് വലിയ പള്ളി വികാരിയുമായ ഫാ. ബേസിൽ ജോർജ് മാളിക്കകുഴിയിൽ പരിസ്ഥിതി ദിനസന്ദേശവും, വൃക്ഷ തൈതെ വിതരണവും നിർവഹിച്ചു. ഭദ്രാസന യുവജനപ്രസ്ഥാനം സെക്രട്ടറി എൽദോസ് ജോർജ് പുള്ളോർമഠം, കിഴുമുറി വലിയ പള്ളി സെക്രട്ടറിയും ഭദ്രാസന കൗൺസിൽ മെമ്പറുമായ സജി വർക്കിച്ചൻ, കിഴുമുറി പള്ളി OCYM സെക്രട്ടറി ഫെലിക്സ് സാബു, പ്രാർത്ഥനായോഗം ജനറൽ സെക്രട്ടറി വർഗീസ് ചാക്കോ എന്നിവർ സംസാരിച്ചു.

# ദേശാന്തരിയുടെ ഹൃദയം



**ഫാ. അജീഷ് ബാബു**
**മൂവാറ്റുപുഴ**

മനുഷ്യഹൃദയം ഒരു വയലാണ്. കാണാനാകാത്ത വിത്തുകൾ പതിക്കുന്ന, എന്നാൽ അതിന്റെ വിളവ് ഒരുദിവസം ജീവിതത്തെ നിർണ്ണയിക്കുന്ന അത്ഭുതഭൂമി. ഈ വയലിൽ പതിക്കുന്ന വിത്തുകൾക്ക് പേരില്ല; അവയെ നമുക്ക് പിടിച്ചു കാണാനാവില്ല. എങ്കിലും, അവയുടെ വളർച്ച നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുന്നു. ചില വിത്തുകൾ സ്നേഹമായി മുളക്കുന്നു, ശാന്തമായൊരു പ്രകാശമായി. ചിലത് സ്വാർത്ഥതയായി വളരുന്നു മറഞ്ഞുനിൽക്കുന്ന ഇരുളായി. ഈ അദൃശ്യമായ വളർച്ചകളുടെ ഇടയിലാണ് മനുഷ്യന്റെ ആത്മീയ യാത്ര ആരംഭിക്കുന്നത്.

ഹൃദയവയലിന്റെ രഹസ്യം മനസ്സിലാക്കാതെ, "കൂട്ട്", "കൂട്", "ദേശാന്തരി" എന്നീ ജീവിതാവസ്ഥകളെ നമുക്ക് തിരിച്ചറിയാനാവില്ല. കൂട്ട് എന്നത് ഒരുമയുടെയും ബന്ധത്തിന്റെയും പ്രതീകമാണ്. ഒരാൾ മറ്റൊരാളിൽ അഭയം കണ്ടെത്തുന്ന സ്ഥലം. കൂട് അതിൽനിന്നും വ്യത്യസ്തമാണ്; അത് സുരക്ഷയുടെ ഒരു വലയമാണ്, പക്ഷേ പലപ്പോഴും അടച്ചിടലിന്റെ സൂചനയുമാണ്. ദേശാന്തരി എന്നത് ഇവ രണ്ടിനും ഇടയിൽ നിന്നുകൊണ്ട്, സ്ഥിരതയില്ലാത്ത ഒരു യാത്രയുടെ രൂപമാണ് അവിടെ ഉറപ്പുകളില്ല, പക്ഷേ തിരച്ചിൽ ഉണ്ട്. അബ്രഹാമിന്റെ ജീവിതം ഈ മൂന്ന് അവസ്ഥകളുടെയും അത്ഭുതകരമായ ഒരു സംഗമമാണ്. അവൻ ആരംഭിക്കുന്നത് ഒരു "കൂടിൽ" നിന്നാണ് പരിചിതമായ ദേശം, ബന്ധങ്ങൾ, സുരക്ഷിതത്വം. എന്നാൽ ദൈവത്തിന്റെ വിളി അവനെ ആ കൂടിൽ നിന്ന് പുറത്തേക്കു വിളിക്കുന്നു. ആ വിളി, അവനെ "കൂട്ടിലേക്ക്" നയിക്കുന്നതല്ല; മറിച്ച് അവനെ ഒരു "ദേശാന്തരിയാക്കി" മാറ്റുന്നു. അറിയാത്ത ദേശങ്ങളിലൂടെ, ഉറപ്പില്ലാത്ത വാഗ്ദാനങ്ങളിലൂടെ, അവൻ മുന്നേറുന്നു.

ദേശാന്തരിത്വം വെറും ഭൗതികയാത്രയല്ല; അത് ഹൃദയത്തിന്റെ ഒരു ആന്തരിക പരിവർത്തനമാണ്. അബ്രഹാം പുറത്തേക്ക് സഞ്ചരിക്കുമ്പോൾ, അവന്റെ ഉള്ളിൽ വിത്തുകൾ മുളക്കുന്നു വിശ്വാസത്തിന്റെ വിത്തുകൾ, സംശയത്തിന്റെ വിത്തുകൾ, പ്രതീക്ഷയുടെ വിത്തുകൾ. അവന്റെ ജീവിതത്തിലെ ഓരോ തീരുമാനവും, ഈ വിത്തുകളുടെ വളർച്ചയെ നിർണ്ണയിക്കുന്നു. ഇവിടെ തന്നെയാണ് ക്രിസ്തുവിന്റെ ജീവിതശൈലി നമ്മെ കൂടുതൽ ആഴത്തിൽ സ്പർശിക്കുന്നത്. "ഹൃദയത്തിൽ നിന്നാണ് എല്ലാം പുറപ്പെടുന്നത്" എന്ന സത്യം, അബ്രഹാമിന്റെ യാത്രയിലും പ്രതിഫലിക്കുന്നു. അവൻ എടുത്ത ഓരോ ചുവടും, അവന്റെ ഉള്ളിൽ വളർന്ന വിശ്വാസത്തിന്റെ ഫലമായിരുന്നു. പുറത്തുള്ള ദേശാന്തരിത്വം, ഉള്ളിലെ വിശ്വാസത്തിന്റെ പ്രതിഫലനമായി മാറുന്നു.

കൂട് നമ്മെ സംരക്ഷിക്കുന്നു, പക്ഷേ പലപ്പോഴും അത് നമ്മെ അടയ്ക്കുകയും ചെയ്യുന്നു. കൂട്ട് നമ്മെ ബന്ധിപ്പിക്കുന്നു, എന്നാൽ അത് ചിലപ്പോൾ ആശ്രയത്വമായി മാറും. ദേശാന്തരി മാത്രമാണ് നമ്മെ തുറക്കുന്നത്, ദൈവത്തിന്റെ അപ്രതീക്ഷിത വഴികൾക്കായി, പുതിയ അനുഭവങ്ങൾക്കായി, ആന്തരിക വളർച്ചക്കായി. അബ്രഹാം ഈ തുറവികളുടെ മനുഷ്യനാണ്.

അവന്റെ ജീവിതത്തിൽ വിശ്വാസം ഒരേ നിറത്തിലുള്ളതല്ല. അത് പല നിറങ്ങളുള്ളതാണ്, ചിലപ്പോൾ അത് തെളിച്ചമുള്ള പ്രതീക്ഷയാണ്; ചിലപ്പോൾ മങ്ങിയ സംശയമാണ്; ചിലപ്പോൾ കാത്തിരിപ്പിന്റെ മൗനമാണ്. ഈ നിറഭേദങ്ങളാണ് അവന്റെ വിശ്വാസത്തെ ജീവൻകൊണ്ട് നിറയ്ക്കുന്നത്. ഒരു യാന്ത്രികമായ ഉറപ്പല്ല അത്; മറിച്ച്, ജീവിതത്തിന്റെ ഉയർച്ചതാഴ്ചകളിലൂടെ വളരുന്ന ഒരു സജീവബന്ധമാണ്.

ഇതുപോലെ തന്നെയാണ് നമ്മുടെ ഹൃദയവയലും. നമ്മിൽ നിശബ്ദമായി പിറക്കുന്ന സ്നേഹം, ഒരുദിവസം മറ്റൊരാളുടെ ജീവിതത്തിൽ ഒരു പ്രകാശമാകാം. അതുപോലെ, ശ്രദ്ധിക്കാ

തെ വളരുന്ന അസൂയയും ദ്വേഷവും, ഒരുദിവ സംബന്ധങ്ങളെ തകർക്കുന്ന കൊടുങ്കാറ്റാകാം. അതിനാൽ, ആത്മീയജീവിതം എന്നത് ഒരു ജാഗ്രതയാണ്. നമ്മിൽ എന്താണ് വളരുന്നത് എന്ന് നിരീക്ഷിക്കുന്ന ഒരു നിശ്ശബ്ദ ശ്രദ്ധ.

ക്രിസ്തുവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, യഥാർത്ഥ മാറ്റം പുറത്തുനിന്നല്ല, ഉള്ളിൽ നിന്നാണ് തുടങ്ങുന്നത് എന്നതാണ്. അബ്രഹാമിന്റെ യാത്രയും അതേ സത്യത്തിന്റെ ഒരു പ്രാചീന സാക്ഷ്യം തന്നെയാണ്. അവൻ ഒരു ദേശാന്തരിയായി പുറപ്പെട്ടു, പക്ഷേ തന്റെ ഉള്ളിലെ വിശ്വാസവിത്തുകൾ പരിപോഷിപ്പിച്ചുകൊണ്ട്, അവൻ ഒരു "കൂട്ടായി", ഒരു ജനതയുടെ പിതാവായി, വിശ്വാസത്തിന്റെ വഴികാട്ടിയായി മാറുന്നു.

Zorba the Greek എന്ന കൃതിയുടെ ആത്മാവിനെ തുറന്നുകാട്ടുന്ന താക്കോലുപോലെയാണ്. Nikos Kazantzakis മനുഷ്യന്റെ ബുദ്ധിയെ ഇവിടെ ഒരു കച്ചവടക്കാരനായി ചിത്രീകരിക്കുന്നു. ഓരോ അനുഭവത്തെയും ലാഭ-നഷ്ടത്തിന്റെ കണക്കിൽ പിടിക്കാൻ ശ്രമിക്കുന്ന ഒരു സ്വഭാവം. എന്നാൽ ജീവിതം കണക്കുകൾക്കിടയിൽ ഒതുങ്ങിപ്പോകുന്ന ഒന്നല്ല; അത് ഒരു ഒഴുക്ക്, ഒരു നൃത്തം, ഒരു അനുഭവം തന്നെയാണ്. നോവൽ ഒരു കഥയായി തുടങ്ങുന്നു, ഒരു പുസ്തകപ്പുഴുവായ യുവാവും ജീവിതത്തെ ഒരു ആഘോഷമായി കാണുന്ന സോർബ എന്ന വയസ്സനായ മനുഷ്യനും തമ്മിലുള്ള സൗഹൃദത്തിന്റെ കഥയായി. പക്ഷേ അത് ഉടൻ തന്നെ ഒരു ഉള്ളറയാത്രയായി മാറുന്നു. പുസ്തകങ്ങളിൽ ആശ്വാസം കണ്ടെത്തുന്ന യുവാവ് ജീവിതത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നവനാണ്; സോർബ, മറുവശത്ത്, ജീവിതത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. അവൻ അത് ജീവിക്കുന്നു. അവന്റെ ചിരിയിൽ ഒരു സ്വാതന്ത്ര്യമുണ്ട്, അവന്റെ വേദനയിൽ പോലും ഒരു ആനന്ദത്തിന്റെ താളമുണ്ട്. അവൻ നിയമങ്ങളാൽ പൂട്ടപ്പെടാത്തവനാണ്; അവൻ നിമിഷങ്ങളാൽ നിർവചിക്കപ്പെടുന്നവനാണ്.

സോർബയുടെ സാന്നിധ്യം യുവാവിന്റെ ഉള്ളിൽ മിണ്ടാതിരുന്ന ചോദ്യങ്ങളെ ഉണർത്തുന്നു. ജീവിതം എന്താണ്? അത് അറിവിന്റെ സമാഹാരമാണോ, അല്ലെങ്കിൽ അനുഭവങ്ങളുടെ ഒഴുക്കോ? ഒരുപാട് വായിച്ചിട്ടും, ഒരുപാട് ചിന്തിച്ചിട്ടും, ഒരാൾക്ക് ജീവിക്കാനറിയാതെ പോകാമെന്ന സത്യത്തെ ഈ സൗഹൃദം വെളിപ്പെടുത്തുന്നു. സോർബ യുവാവിനെ പഠിപ്പിക്കുന്നത് വാക്കുകളിലൂടെ അല്ല; തന്റെ ജീവിക്കുന്ന രീതിയിലൂടെ തന്നെയാണ്. അവൻ ഓരോ നിമിഷവും പൂർണ്ണമായി അനുഭവിക്കുന്നു സ്നേഹിക്കുമ്പോൾ അതിൽ മുഴുകുന്നു, കോപിക്കുമ്പോൾ അതിലും മുഴുകുന്നു, സന്തോഷിക്കുമ്പോൾ അത് ഒരു നൃത്തമായി മാറുന്നു.

ജീവിതത്തിലേക്ക് ചിലർ അപ്രതീക്ഷിതമായി കടന്നുവരുന്നു. അവർ നമ്മുടേതായവർ അല്ലെങ്കിലും, ഒരിടവേളക്ക് നമ്മെ സ്വന്തംവരാക്കുന്നു. അവരുടെ സ്നേഹവും തുറന്നുപറച്ചിലും, അവരുടെ ലാളിത്യവും, നമ്മിൽ മറഞ്ഞുകിടന്ന ചില വാതിലുകൾ തുറക്കുന്നു. അവർ നമ്മെ മാറ്റുന്നു മൃദുവായി, എന്നാൽ ആഴത്തിൽ. അത്തരത്തിലുള്ള ഒരു സാന്നിധ്യമാണ് സോർബ. അവൻ ഒരു കഥാപാത്രമല്ല; അവൻ ഒരു അനുഭവമാണ്, ഒരു ഉണർവ്വാണ്. നോവൽ നമ്മെ ഒരു നിർണായകമായ തിരിച്ചറിവിലേക്ക് നയിക്കുന്നു: ജീവിതം കണക്കുകൂട്ടി മനസ്സിലാക്കേണ്ട ഒന്നല്ല. അതിനെ നിശ്ചയിക്കാൻ ശ്രമിക്കുമ്പോൾ അത് നമ്മിൽ നിന്ന് ഒഴുകിപ്പോകും. എന്നാൽ അതിനെ അനുഭവിക്കാൻ നമുക്ക് ധൈര്യമുണ്ടെങ്കിൽ, അതിന്റെ സൗന്ദര്യം നമ്മെ തേടിയെത്തും. Zorba the Greek നമ്മോട് നിശ്ശബ്ദമായി ചോദിക്കുന്നു. നമ്മൾ ജീവിതത്തെ കണക്കിടുന്നവരായി തുടരണമോ, അല്ലെങ്കിൽ അതിനെ ആഘോഷിക്കുന്നവരായി മാറണമോ?

മനുഷ്യഹൃദയം ഒരു വയലാണ്, ജീവിതം യാത്രയാണ്. കൂടിൽ നിന്നിറങ്ങി, കൂട്ട് തേടി, ദേശാന്തരിയായി നടക്കുന്ന മനുഷ്യൻ, തന്റെ ഉള്ളിൽ എന്ത് വളർത്തുന്നു എന്നതിലാണ് അവന്റെ ഭാവി നിൽക്കുന്നത്. നിശബ്ദമായി പിറക്കുന്നവയാണ് ഒരുദിവസം നമ്മുടെ ജീവിതത്തിന്റെ ശബ്ദമാകുന്നത്. അവയുടെ രൂപം നാം തിരഞ്ഞെടുക്കുന്നു. വിശ്വാസത്തിന്റെ പ്രകാശമാകുമോ, അല്ലെങ്കിൽ നമ്മുടെ സ്വന്തം ഇരുളാകുമോ എന്നത്.



ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കൊല്ലം മെത്രാസന യുവജനപ്രസ്ഥാനം കല്ലട മേഖലയുടെ ആഭിമുഖ്യത്തിൽ പുത്തൂർ എസ്.എൻ പുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ പരിസ്ഥിതി ദിനാഘോഷവും, തൈ നടീലും ആരാമം'2 സംഘടിപ്പിച്ചപ്പോൾ.



**ഫാ. ഗീവർഗ്ഗീസ് ജിൻസ്**
**സുൽത്താൻ ബത്തേരി**

# മണ്ണിൽ നിന്ന് മോക്ഷത്തിലേക്ക് : സഭയും പ്രകൃതിയും

**മണ്ണും മനുഷ്യനും**

മനുഷ്യർ മണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ടു എന്ന ബൈബിൾ സത്യത്തിലൂടെ മനുഷ്യരുടെ വേരുകൾ ഭൂമിയിൽ ഉറപ്പിച്ചിരിക്കുന്നു എന്നത് നമ്മെ പഠിപ്പിക്കുന്നു. 'നിലത്ത് നിന്ന് നിന്നെ എടുത്തു... (ഉൽപത്തി 3:19). അതുകൊണ്ടുതന്നെ പരിസ്ഥിതിയും ക്രൈസ്തവ ആത്മീയതയും പലതായല്ല, ഒരേ നാണയത്തിന്റെ ഇരുപുറങ്ങളായി കാണണമെന്ന് ചിന്ത ഓർത്തഡോക്സ് ദൈവശാസ്ത്രത്തിന്റെ അന്തസത്ത തന്നെ ആണ്.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ സൂചിപ്പിക്കുന്ന വിശുദ്ധ അപ്രേമിന്റെ 'ദൈവം മനുഷ്യനു വായിക്കാനായി രണ്ടു പുസ്തകങ്ങൾ നൽകി ഒന്ന് വിശുദ്ധ വേദപുസ്തകം രണ്ടാമത്തേത് പ്രകൃതി' എന്ന ഓർമ്മപ്പെടുത്തൽ എത്രത്തോളം ആഴമുള്ളതാണെന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്.

സഭ പ്രകൃതിയെ കാണുന്നത് വെറും വിഭവമായി മാത്രമല്ല, ദൈവത്തിന്റെ ദാനം കൂടിയായിട്ടാണ്. പ്രകൃതി ദൈവത്തിന്റെ ആദ്യത്തെ വെളിപ്പെടുത്തലാണ് അവന്റെ ശക്തിയും ശ്രേഷ്ഠതയും നമ്മെ മനസ്സിലാക്കുവാൻ സഹായിക്കുന്ന ഇടവും ആണല്ലോ. മനുഷ്യൻ പ്രകൃതിയുടെ ഉടമയല്ല, മറിച്ച് ദൈവ സൃഷ്ടികളെ പരിപാലിക്കുവാൻ നിയോഗിക്കപ്പെട്ട വിശ്വസ്തനായ ശുശ്രൂഷകൻ അഥവാ പുരോഹിതൻ തന്നെ ആണ്. വിശുദ്ധ മാക്സിമസ് നമ്മെ ഓർമിപ്പിക്കുന്നു, 'പ്രകൃതി മുഴുവൻ ദൈവത്തിന്റെ വലിയൊരു ദേവാലയമാണ്, അവിടെ മനുഷ്യൻ ഒരു പുരോഹിതനെ പോലെയാണ് '. ഇത് പ്രകൃതിയെ ചൂഷണം ചെയ്യുന്നത് ദൈവാലയത്തെ അശുദ്ധമാക്കുന്നതിന് തുല്യമാണ് എന്ന അറിവു കൂടിയാണ് പങ്ക് വയ്ക്കുന്നത്. ദൈവത്തിന്റെ ആലയത്തെ നശിപ്പിക്കുന്നവനെ ദൈവം നശിപ്പിച്ചു കളയുമെന്ന് വി.പൗലോസ് അപ്പോസ്തോലനും നമ്മെ ഓർമിപ്പിക്കുന്നു. പ്രകൃതിയിൽ നിന്ന് പലതരത്തിലുള്ള പ്രതിസന്ധികൾ നമ്മൾ നേരിടുമ്പോൾ ഈ ഒരു ചിന്ത നമുക്ക് നേർവഴി കാട്ടിയേക്കും.

**ഓർത്തഡോക്സ് തിയോളജിയിൽ സൃഷ്ടി**

*സൃഷ്ടി ദൈവത്തിന്റെ ആലയം*

ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു (സങ്കീർത്തനം 19:1) എന്ന പ്രാർത്ഥനയിലൂടെ പ്രകൃതിയുടെ ഓരോ അംശവും ദൈവത്തിന്റെ കൃപയ്ക്കായി കാത്തിരിക്കുന്നു എന്നും അതിനായി യാചിക്കുന്നുണ്ട് എന്നും നമുക്ക് വെളിവാക്കി തരുന്നു ഇത് തിരിച്ചറിഞ്ഞ് ദൈവീകമായിരിക്കുന്ന നിയോഗത്തെ നമ്മൾ ഏറ്റെടുക്കണം.

അപ്പോൾ ഉൽപത്തി 2:15ൽ പറയുന്നതു പോലെ 'തോട്ടം പരിപാലിക്കാൻ' മനുഷ്യനെ ഏൽപ്പിച്ചത് മനുഷ്യർക്ക് നൽകിയ വലിയൊരു അംഗീകാരമായും അവസരമായും നമുക്ക് തിരിച്ചറിയാൻ സാധിക്കും

ക്രിസ്തു മണ്ണിൽ നിന്ന് ശരീരം എടുത്തത് വഴിയായി ഭൗതികമായതും വിശുദ്ധമാക്കപ്പെട്ടു. വിശുദ്ധമായതിനെ വിഷലിപ്തമാക്കുവാൻ സൃഷ്ടിയ്ക്ക് അവകാശമില്ല എന്നത് ഇതിലൂടെ വ്യക്തമാക്കപ്പെടുകയും ചെയ്യുന്നു

റോമർ 8:19-22 ൽ മോക്ഷം മനുഷ്യന് മാത്രമല്ല, സർവ്വ സൃഷ്ടിക്കും നൽകപ്പെട്ടിരിക്കുന്നു എന്നതിലൂടെ വിശുദ്ധ കൂദാശകളിൽ നമ്മൾ ഉപയോഗിക്കുന്ന ഭൗതിക വസ്തുക്കളായ വെള്ളം, വീഞ്ഞ്, ഗോതമ്പ്, സുഗന്ധദ്രവ്യങ്ങൾ ലോഹ പദാർത്ഥങ്ങൾ തുടങ്ങിയവയെല്ലാം ദൈവിക സാന്നിധ്യത്തിന്റെ അടയാളങ്ങളും അറിയിപ്പുകളും ആയി മാറ്റപ്പെടുന്നുണ്ട്.

**ആരാധനാക്രമത്തിലെ പ്രകൃതി**

*കൂദാശകളിൽ ഭൗതിക വസ്തുക്കൾ :*

ജലം, എണ്ണ, അപ്പം, വീഞ്ഞ്, ധൂപം, ലോഹ പദാർഥങ്ങൾ തുടങ്ങിയവ സൃഷ്ടിയെ കൃപയുടെ സാന്നിധ്യങ്ങളാകുന്നു.

*പെന്തിക്കോസ്തിയിലെ ഇലയും ജലവും*

പരിശുദ്ധ റൂഹാ സർവ്വ സൃഷ്ടിയെയും നവീകരിക്കുന്നു എന്നതിന്റെ അടയാളമായിട്ടാണല്ലോ പരിശുദ്ധ പെന്തിക്കോസ്തി പെരുന്നാളിൽ ജലം തളിക്കുന്നത്. വിശുദ്ധ ജോൺ ദമസ്കിനസ് ചൊല്ലുന്ന പ്രാർത്ഥന ശ്രദ്ധേയമാണ്, 'ഞാൻ ഭൗതിക പ്രകൃതിയെ ആരാധിക്കുന്നില്ല മറിച്ച് ഭൗതിക വസ്തുക്കൾ വഴി എനിക്ക് രക്ഷയേകിയ പ്രകൃതിയുടെ സൃഷ്ടാവിനെ ഞാൻ ആരാധിക്കുന്നു'. ആരാധനയിൽ ഉപയോഗിക്കുന്ന ഓരോ ഭൗതിക വസ്തുക്കളും പരിശുദ്ധാത്മാവിലൂടെ ദൈവിക കൃപയെ ലോകത്തിന് ലഭിക്കുന്നതിന്റെ അടയാളം തന്നെയാണല്ലോ. അവയെ തിരിച്ചറിയുവാൻ ചില നിയോഗകാലങ്ങൾ ആവശ്യമുണ്ട്.

ഉപഭോഗം കുറച്ച് സൃഷ്ടിയോട് ഇണങ്ങാനുള്ള അത്തരം നിയോഗ പരിശീലന കാലമാണ് നോമ്പുകൾ. വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്ന ഓരോ അവസരത്തിലും ആ അനുഗ്രഹങ്ങൾക്കായി നമ്മൾ കാത്തിരിക്കുന്നു.

**ഇന്നത്തെ പ്രതിസന്ധി : ഒരു പാപശാസ്ത്ര വീക്ഷണം**

ദൈവം നൽകിയ സൃഷ്ടിയെ നശിപ്പിക്കുന്നത് ദൈവത്തിനെതിരായ പാപമാണെന്നുള്ളത് നമ്മൾ മറന്നു പോകരുത്.

എക്യുമെനിക്കൽ പാത്രിയർക്കീസായിരുന്ന ബർത്തലോമിയോ പിതാവ് "Green Patriarch" 1997 ൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ വച്ച് മൂന്ന് പാപങ്ങളെ കുറിച്ച് ഓർമിപ്പിച്ചു. 'ദൈവ സൃഷ്ടിയുടെ ജൈവവൈവിധ്യത്തെ തകർക്കുന്നതും ജീവജാലങ്ങളെ വംശനാശത്തിലേക്ക് തള്ളി വിടുന്നതും പാപമാണ്, ഭൂമിയിലെ വനങ്ങൾ നശിപ്പിച്ചും അന്തരീക്ഷ വ്യതിയാനം വരുത്തിയും ഭൂമിയുടെ സ്വാഭാവികതയെ തകിടം മറിക്കുന്നത് പാപമാണ്, ഭൂമിയിലെ ജലാശയങ്ങളും വായുവും മണ്ണും വിഷലിപ്തമാക്കുന്നത് വഴി മറ്റ് സൃഷ്ടി ജാലങ്ങൾക്ക് രോഗം വരുത്തി വയ്ക്കുന്നതും പാപമാണ്.

ആർത്തിയും ദുരയും സൃഷ്ടിയുടെ ചൂഷണത്തിന് പിന്നിലെ ആത്മീയ കാരണങ്ങളാണ്.

**മണ്ണിൽ നിന്ന് മോക്ഷത്തിലേക്ക്**
**നമുക്ക് പ്രായോഗിക പാതയൊരുക്കാം**

ആ പാതയിൽ ഒന്നാമത്തേത് *ആരാധനയിലൂടെ* ഒരുക്കാം. സൃഷ്ടിക്കായി പ്രാർത്ഥിക്കുക. ദൈവത്തോട് അടുത്ത വിശുദ്ധർ പ്രകൃതിയോടും മൃഗങ്ങളോടും സർവ്വചരാചരങ്ങളോടും പുലർത്തിയ ആത്മീയ ബന്ധം നമ്മൾ മറന്നു പോകരുത്. വിശുദ്ധ ബേസിൽ (the Great) പ്രാർത്ഥിക്കുന്നത് ദൈവമേ അങ്ങയുടെ സൃഷ്ടികളായ മൃഗങ്ങൾക്കും പക്ഷികൾക്കും സർവ്വ ജീവജാലങ്ങൾക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു അവയ്ക്ക് ഭൂമിയിൽ ജീവിക്കുവാനുള്ള അവകാശം ഭൂമിയിൽ ഇല്ലാതാകരുത് എന്നാണല്ലോ വിശുദ്ധ ഐസക് ദ സിറിയൻ എഴുതിയപ്രകാരം 'കരുണയുള്ള ഹൃദയം എന്നാൽ മനുഷ്യരോടും പക്ഷിമൃഗാദികളോടും സകല സൃഷ്ടികളോടുമുള്ള സ്നേഹം ജ്വലിക്കുന്ന ഹൃദയമാണ്. ' മലങ്കരയിലെ പല പിതാക്കന്മാരും ഇത്തരത്തിൽ കാരുണ്യമുള്ള ഹൃദയത്തെ സൂക്ഷിച്ചത് നമുക്ക് പരിചിതമാണല്ലോ.

ദൈവാലയ പരിസരങ്ങളിൽ തദ്ദേശീയ വൃക്ഷത്തൈകളും സുഗന്ധവർഗ്ഗങ്ങളും നടുക വഴി ചുറ്റുപാടുകളെയും അന്തരീക്ഷത്തെയും ദൈവസന്നിധിയിൽ സമർപ്പിക്കുന്ന സുഗന്ധ ധൂപം പോലെ ഹൃദ്യമാക്കുവാൻ നമുക്ക് സാധിക്കും. വൈദേശിക ചെടികളും സൃഷ്ടി വിഭവങ്ങളും കാഴ്ചയ്ക്ക് ഭംഗി നൽകിയാലും അവ വരുത്തുന്ന പാരിസ്ഥിതിക വ്യതിയാനങ്ങൾ നമുക്ക് പെട്ടെന്ന് കണ്ടെത്താൻ സാധിക്കുകയില്ല. സൂക്ഷ്മാണുക്കളുടെ മുതൽ പ്രകൃതിയിലെ വിഭവ ശ്രേണിയുടെ സ്വാഭാവിക വിതരണത്തെ പലപ്പോഴും വൈദേശിക ചെടികളുടെയും സസ്യങ്ങളുടെയും ജീവികളുടെയും ഇടപെടലുകൾ ദോഷകരമായി ബാധിക്കാറുണ്ട്. മരുഭൂപ്രദേശത്തെ സസ്യങ്ങൾ ജലാംശം കൂടുതലുള്ള ഇടങ്ങളിൽ വന്നാൽ തഴച്ച് വളരുന്നതും തിരിച്ചാകുമ്പോൾ നശിച്ചു പോകുന്നതും നമുക്ക് പരിചിതമാണല്ലോ. അക്വേഷ്യയും, മാഞ്ചിയവും, മഞ്ഞക്കൊന്ന എന്ന സെന്നയും, കമ്മ്യൂണിസ്റ്റ് പച്ചയും, ആനത്തൊട്ടാവാടിയും, നമ്മുടെ ഭവനങ്ങളിൽ വളർത്താറുള്ള പല

തരത്തിലുള്ള ചെടികളും അവയുടെ സ്വാഭാവിക വളർച്ചാ സ്വഭാവം അനുകൂല സാഹചര്യങ്ങളിൽ പ്രകടിപ്പിക്കുകയും അവ എത്തിച്ചേരുന്ന പരിസരങ്ങളെ ദോഷകരമായി ബാധിച്ച് കീഴടക്കുകയും ചെയ്യാറുണ്ട്. ചില കാഴ്ചയ്ക്കും കേൾവിക്കും മനോഹരങ്ങളായ ആരാധനകളും അനുഷ്ഠാനങ്ങളും അതുപോലെ തന്നെ ആണ് പലപ്പോഴും നമ്മെ ദോഷകരമായി സ്വാധീനിക്കുന്നതും. അവ വളരെ പെട്ടെന്ന് സ്വീകരിക്കപ്പെടുകയും വളർന്ന് പന്തലിക്കുകയും ചെയ്യുന്നു എന്നാൽ അവയെ നിഷ്കാസനം ചെയ്യുക വളരെ ബുദ്ധി മുട്ടേറിയ കാര്യമായി തീരുകയും ചെയ്യുന്നു.

രണ്ടാമത്തെ പാത *സ്വജീവിതത്തിലൂടെ* രൂപപ്പെടുത്തണം. അത് ലളിത ജീവിതം വഴിയായും പ്രകൃതി വിഭവങ്ങളുടെ സൂക്ഷ്മമായ പരിചരണത്തിലൂടെയും നമുക്ക് ലഭിക്കുന്ന മഴവെള്ളത്തിന്റെ സംഭരണം വഴിയായും, ഹൈഡ്രോ കാർബൺ ഉൽപ്പന്നങ്ങളുടെ സൂക്ഷ്മമായ ഉപഭോഗം വഴിയും, മനുഷ്യന്റെ കണ്ടെത്തലുകളിൽ വളരെയധികം പ്രയോജനം ഉണ്ടാക്കിയ പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ സുസ്ഥിരമായ പുനരുപയോഗവും വർജ്ജനവും വഴിയും, വിഷരഹിത കൃഷി മാർഗ്ഗങ്ങൾ വഴിയും നമുക്ക് പുതിയ വഴിത്താരകൾ തുറന്ന് എടുക്കാം.

മൂന്നാമതായി *സഭാ സമൂഹമായി* നമുക്ക് ബദൽ പാതകൾ സൃഷ്ടിക്കാം. 'ഹരിത ഇടവക' പദ്ധതികൾ, പരിസ്ഥിതി ബോധവൽക്കരണം, സുസ്ഥിര വികസനവും വിഭവ ശേഖരണങ്ങളും വിതരണങ്ങളും പരിസ്ഥിതി ശുചീകരണ ശുശ്രൂഷകളും നമ്മുടെ ജീവിതക്രമം കൂടിയാക്കി മാറ്റേണ്ടത് ആവശ്യമാണ്. കാർബൺ ഫ്രൂട്ട് പ്രിന്റുകൾ ലഘൂകരിക്കുവാനുള്ള വികസന മാർഗ്ഗങ്ങളും പദ്ധതികളും ആയിരിക്കണം നമുക്ക് ഉണ്ടാകേണ്ടത്.

**ഉപസംഹാരം**

വെളിപാട് 21:1-ൽ 'പുതിയ ആകാശവും പുതിയ ഭൂമിയും' എന്ന പ്രത്യാശ നമുക്ക് നൽകുന്നത് ഓരോ നിമിഷവും നവീകരിക്കപ്പെട്ടുകൊണ്ടേയിരിക്കണം എന്ന പ്രചോദനമാണ്. പഴയത് നിലനിർത്തുക മാത്രമല്ല അവയെ പുതിയ കാലത്തിനനുസരിച്ച് വിവേക ബുദ്ധിയോടെ ക്രമപ്പെടുത്താൻ സൃഷ്ടിയുടെ പുരോഹിതരെന്ന സ്ഥാനത്താൽ മനുഷ്യർക്കുത്തരവാദിത്ത്വമുണ്ട്.

മോക്ഷം എന്നാൽ ഭൂമിയിൽ നിന്ന് രക്ഷപ്പെടുകയല്ല, ഭൂമിയെ രക്ഷിക്കുകയാണ് എന്ന അറിവ് നമ്മിൽ നിറയണം. വന്ന ഇടത്തെ സ്വർഗ്ഗീയ അവസ്ഥയിലേയ്ക്കുയർത്താനുള്ള നിയോഗം സൃഷ്ടിഗണത്തിൽ മനുഷ്യർക്കാണ് നൽകപ്പെട്ടിരിക്കുന്നത്. ഓർത്തിരിക്കുക 'മണ്ണിനെ സ്നേഹിക്കാത്തവന് മോക്ഷത്തെ മനസ്സിലാകില്ല. കാരണം ദൈവം മണ്ണിൽ അവതരിച്ചു.'

## യുവജനപ്രസ്ഥാനം വാർഷികാഘോഷവും, പ്രതിഭാ സംഗമവും



പിറവം : കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ വാർഷികാഘോഷവും പ്രതിഭാ സംഗമവും നെച്ചൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി അങ്കണത്തിൽ നടന്നു.

നെച്ചൂർ പള്ളി വികാരി ഫാ. ജിത്തു മാത്യു ഏവരെയും സ്വാഗതം ചെയ്തു, ഭദ്രാസന യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. ബേസിൽ ജോർജ് അധ്യക്ഷത വഹിച്ച പൊതുസമ്മേളനം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാധ്യക്ഷൻ പരി. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവ ഉദ്ഘാടനം നിർവഹിച്ചു, ആറന്മുള അഡ്വ. അബിൻ വർക്കി മുഖ്യസന്ദേശം നൽകി. മലങ്കര സഭയുടെ വർക്കിംഗ് കമ്മറ്റി അംഗം ഫാ. ജേക്കബ് കുര്യൻ, വെരി.റവ.ഐസക് മട്ടുമ്മേൽ കോർ എപ്പിസ്കോപ്പ, ഫാ. ബൈജു ജോൺസൻ, ഫാ. ബിനോയ്ബിജു, ഫാ. അനു തോമസ്, ഫാ. റോബിൻ കെ. ജേക്കബ് എന്നിവർ ആശംസകൾ അർപ്പിച്ചു. കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ട് ഭദ്രാസന യുവജന പ്രസ്ഥാനം സെക്രട്ടറി എൽദോസ് ജോർജ് അവതരിപ്പിച്ചു, തുടർന്ന് വിവിധ ദേവാലയങ്ങളിലെ യുവജനപ്രസ്ഥാനം അംഗങ്ങൾ അണിയിച്ചൊരുക്കിയ ടാലന്റ് നൈറ്റ് 2026 നടന്നു.

പ്രോഗ്രാം കൺവീനർമാരായ എൽദോ ബേബി, ജോമോൻ ജോർജ്, ഫെലിക്സ് ചാക്കോ, ആൾഡ്രിൻ ബെന്നി, ബേസിൽ സജി,അലൻ ജിനേഷ് പോൾ, ഹെയൻ ജോസഫ് പീറ്റർ എന്നിവർ നേതൃത്വം നൽകി.



# ആരാധനാ സംഗീതത്തിലെ ചികിത്സാ പരിവേഷങ്ങൾ



**ഫാ. ലിജോ തൂക്കനാൽ**
(കർണ്ണാടക സംഗീത ഭൂഷൺ)
(Music Teacher & Music Therapist, FM Radio Artist @ Amal Jyothi College, Kanjirappally)

**ആ**രാധനാ സംഗീതത്തിന് രണ്ട് തലങ്ങളുണ്ട്. ബാഹ്യവും ആന്തരികവും (Inner and Outer).

Outer വരികളും സാഹിത്യവും ഉള്ള അതിന്റെ ഘടനയും ഈണവും ആണ്.

Inner ഇത് ആത്മീയ തലം കൂടിയാണ്. ഒരുവന്റെ ആത്മീയവളർച്ചയെ സ്വാധീനിക്കുന്ന തലം. മനുഷ്യന്റെ ബോധത്തിനും മനസ്സിനും ശാന്തിയും സമാധാനവും പ്രദാനം ചെയ്യുന്ന തലം.

ഓർത്തഡോക്സ് ആരാധനയിൽ പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് സംഗീതം, പ്രത്യേകിച്ചും ബോവൂസാകൾ. അതിന്റെ പ്രത്യേകത ഒന്നിടവിട്ടുള്ള വരികളിലെ ഈണങ്ങളുടെ ആവർത്തന ഘടനയാണ്. ഒരേ ശബ്ദത്തിൽ ഒരേ frequency യിൽ ഇവ പാടുമ്പോളും ഉച്ചരിക്കുമ്പോഴും അതിലെ സ്വരങ്ങൾ ശരീരത്തിലെ വിവിധ ഭാഗങ്ങളിൽ സ്പർശിക്കുന്നുണ്ട്. നമ്മളെല്ലാവരും പല തരത്തിലുള്ള ശബ്ദതരംഗങ്ങൾ ആണ് പുറപ്പെടുവിക്കുന്നത്. എന്നാൽ ഒന്നിച്ചു ചേരുന്ന അവസരത്തിൽ ഒരേ frequency യിൽ ഉള്ള തരംഗങ്ങൾ പുറപ്പെടുവിക്കുന്നതുവഴി പ്രകൃതിയിലും ശരീരത്തിനും ഉണ്ടാക്കുന്ന ചലനങ്ങൾ നമ്മെ സ്പർശിക്കുന്നു. അവയുടെ ആവർത്തനം മൂലം തലച്ചോറിനും സ്വരങ്ങൾ ഉത്ഭവിക്കുന്ന സ്ഥലങ്ങളിലും ഉണ്ടാക്കുന്ന തരംഗങ്ങൾ ശരീരത്തിൽ ചില enzymes പുറ പ്പെടുവിക്കുന്നു. അവ ശരീരത്തെ ഉത്തേജിപ്പിക്കുന്നു.

നമ്മുടെ ധ്യാനങ്ങളിലെ, പ്രത്യേകിച്ചും ജീസസ് പ്രയറിലെ പ്രധാന മന്ത്രമാണ് കുറിയേലായിസോൻ. ഈ മന്ത്രങ്ങൾ ഉച്ചരിക്കുമ്പോൾ 'ഉ, ഈ, എ, ആ, ഓ തുടങ്ങിയ ഉച്ചാരണ ശബ്ദങ്ങളാണ് ഉണ്ടാക്കുന്നത്. ഇത് കേവലം ഒരു വാക്ക് മാത്രം അല്ല. ഇതിന്റെ കൃത്യമായ ഉച്ചാരണ പ്രയോഗങ്ങൾ നമ്മുടെ ശരീരത്തെയും മനസ്സിനെയും മൊത്തമായി സ്പർശിക്കുന്നു. ആ ഉച്ചാരണ ശബ്ദം പുറപ്പെടുന്നത് ഇങ്ങനെയാണ്.


കു - അടിവയർ (lower abdomen)
റി - നെറ്റി/തല (head)
യേ - കഴുത്ത് (throat/neck)
ലാ - ഹൃദയം (heart)
യി - നെറ്റി/തല (head)
സോ - വയർ (upper abdomen)
ൻ - തല മുഴുവൻ (whole head)

ഇതൊരു ഉദാഹരണം മാത്രമാണ്. Through this meditational chanting you can immediately experience the effect of the Kuriyelayison manthra on your physical, mental, emotional and spiritual well-being. അതുകൊണ്ടാണ് കുറിയേലായിസോൻ എന്ന വാക്ക് അർത്ഥം കൊണ്ടും ഉച്ചാരണം കൊണ്ടും നമ്മെ ഇത്ര മാത്രം സ്പർശിക്കുന്നത്.

## വിദ്യാർത്ഥികൾക്ക് അറിവിന്റെ ലോകത്തിലേക്ക് പറക്കുവാൻ ചിറകേകി മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനം

*മാവേലിക്കര : പുതിയ സ്കൂൾ അദ്ധ്യയന വർഷം ആരംഭിച്ച ഘട്ടത്തിൽ മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനം ചിറക് പദ്ധതിയിലൂടെ അർഹരായ 250 കുട്ടികൾക്ക് പാഠനോപകരണങ്ങൾ വിതരണം ചെയ്തു.*

*പദ്ധതിയുടെ ഉദ്ഘാടനം ഭദ്രാസന മെത്രാപ്പോലീത്ത അഭി. എബ്രഹാം മാർ എപ്പിഫാനിയോസ് തിരുമേനി നിർവഹിച്ചു*



# സി.പി.ചാണ്ടി
## മലങ്കരയുടെ അപ്രേം

**ദൈവ**ത്തെ ആരാധിക്കുക എന്നത് എല്ലാ സൃഷ്ടികളുടെയും മുഖ്യധർമ്മമാണ്. ആരാധന, സംഗീതാത്മകമാകുമ്പോഴാണ് മനുഷ്യധർമ്മം വിരസതയില്ലാതെ തുടരുവാൻ സാധിക്കുന്നത്. സുറിയാനി ക്രിസ്ത്യാനികളുടെ ആരാധനാ പാരമ്പര്യത്തിൽ കാവ്യാത്മകതയ്ക്കും താളാത്മകതയ്ക്കും പ്രധാന പങ്കുണ്ട്. ആദ്യകാല ആരാധനാ ഗാനങ്ങൾ സുറിയാനി ഭാഷയിലാണ് ലഭ്യമായിരുന്നത്. പാശ്ചാത്യ സുറിയാനി ആരാധനാ പാരമ്പര്യത്തിന്റെ രൂപഘടനയ്ക്കുള്ളിൽ നിന്നു കൊണ്ട് മലയാളത്തിൽ പുനർനിർമ്മിച്ചതും നവമായി ചിട്ടപ്പെടുത്തിയതുമായ ക്രമങ്ങളാണ് മലങ്കര സഭ ഇന്ന് ഉപയോഗിക്കുന്നത്. മലങ്കര സഭയുടെ അർത്ഥഗാംഭീര്യവും സാഹിത്യ ഭംഗിയുമുള്ള മലയാളം ആരാധനാക്രമങ്ങൾക്ക് പിന്നിൽ അനേകം വ്യക്തികളുടെയും ഒറ്റയ്ക്കും കൂട്ടായുമുള്ള പരിശ്രമമുണ്ട്. മലങ്കര മൽപ്പാൻമാരായ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി, കോനാട്ട് മാത്തൻ കോർ എപ്പിസ്കോപ്പാ, കോനാട്ട് അബ്രഹാം മൽപ്പാൻ രണ്ടാമൻ, പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യുസ് പ്രഥമൻ ബാവാ, യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്ത, മൽപ്പാൻ മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ, കണ്ടത്തിൽ വർഗീസ് മാപ്പിള, സഭാ കവി വെണ്ണിക്കുളം സി.പി. ചാണ്ടി എന്നിവരാണ് ഈ സപര്യ യാഥാർത്ഥ്യമാക്കിയത്.



ഷെറിൻ സാറാ സൈമൺ
ബുധനൂർ

'മാർ അപ്രേം' എന്നും 'സ്വർഗീയ കിന്നരം' എന്നും സഭ ആദരവോടെ വിശേഷിപ്പിച്ച മഹത്തായ വ്യക്തിത്വം. തന്റെ ജീവിതം പരിപൂർണ്ണമായും സഭയ്ക്കുവേണ്ടിയും സഭയുടെ ആരാധനാ സംഗീതത്തിനുവേണ്ടിയും സമർപ്പിച്ച സന്യാസി ഗുരുശ്രേഷ്ഠൻ.

മലങ്കര സഭയുടെ അതുല്യവും മനോഹരവുമായ ആരാധനാ സാഹിത്യത്തെ സംഗീത സാന്ദ്രമാക്കി, സുറിയാനി ഗാനങ്ങളുടെ അർത്ഥഗാംഭീര്യം ചോരാതെ മാതൃഭാഷയിൽ സന്നിവേശിപ്പിച്ച മഹാനാണ് സഭാ കവി സി.പി. ചാണ്ടി. "മാർ അപ്രേം" എന്നും "സ്വർഗീയ കിന്നരം" എന്നും സഭ ആദരവോടെ വിശേഷിപ്പിച്ച മഹത്തായ വ്യക്തിത്വം. തന്റെ ജീവിതം പരിപൂർണ്ണമായും സഭയ്ക്കുവേണ്ടിയും സഭയുടെ ആരാധനാ സംഗീതത്തിനുവേണ്ടിയും സമർപ്പിച്ച സന്യാസി ഗുരുശ്രേഷ്ഠൻ.



വെണ്ണിക്കുളത്ത് ചക്കാലക്കുന്നേൽ ഫിലിപ്പോസ് ഉപദേശിയുടെയും നിരണം മട്ടയ്ക്കൽ പത്രോസ് കത്തനാരുടെ പുത്രിയായ അക്കാമ്മയുടെയും മൂന്നാമത്തെ പുത്രനായി 1916-ൽ ജനിച്ചു. പിതൃസഹോദരനായ വിദ്വാൻ കെ.സി. വർഗീസിന്റെ നിർദ്ദേശപ്രകാരം മലയാള സാഹിത്യം പഠിക്കുകയും ചെയ്തു. ചെറുപ്രായത്തിൽ തന്നെ സംസ്കൃതത്തിലും പാണ്ഡിത്യം നേടി. മലയാളം, സുറിയാനി, സംസ്കൃതം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് എന്നീ ആറു ഭാഷകളിൽ പാണ്ഡിത്യം നേടിയ അദ്ദേഹത്തെ, "മലങ്കരയുടെ അപ്രേം" എന്ന് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവ വിശേഷിപ്പിച്ചു. 1964-ൽ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ "സഭാ കവി" പട്ടം നൽകി ആദരിച്ചു.

1940 കളിൽ കോട്ടയം സെമിനാരിയിൽ താമസിച്ചുകൊണ്ട് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അനു

ഗ്രഹശിസുകളോടെ സുറിയാനിയിലുള്ള ആരാധന ഗീതങ്ങൾ തർജ്ജമ ചെയ്തു. പഴയ സെമിനാരിയിൽ മൂന്നുവർഷക്കാലം മലയാളം അധ്യാപകനായിരുന്നു. സുറിയാനി മൽപ്പാനായ വട്ടക്കുന്നേൽ വി. കെ. മാത്യൂസ് കശ്ശീശ (പരിശുദ്ധ ബസേലിയോസ് മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവാ) സുറിയാനിയിൽ ചൊല്ലികേൾപ്പിക്കുന്ന ഗദ്യ വിവർത്തനങ്ങളെയെല്ലാം അതേ സുറിയാനി രാഗത്തിൽ മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്ന രീതിയായിരുന്നു അദ്ദേഹത്തിന്റേത്. ആരാധനാ ഗാനങ്ങളിൽ ആദ്യമായി അദ്ദേഹം തർജ്ജമ ചെയ്തത് കുർബാന പാട്ടുകളായിരുന്നു. ദുഃഖവെള്ളിയാഴ്ച നമസ്കാരം പൂർണ്ണമായും പ്രസിദ്ധീകരിച്ചു. അതോടൊപ്പം സ്ലീബാ നമസ്കാരം അടങ്ങിയ വിശുദ്ധ കുർബാന ക്രമം (1949), ഏവൻഗേലിയോനുശേഷമുള്ള പാട്ടുകൾ, അൻപുടയോനുപകരമുള്ള പാട്ടുകൾ, ഹൂത്തോമോ, ആണ്ടു തക്സാ ക്രമങ്ങൾ, കൂദാശ ക്രമങ്ങൾ എന്നിങ്ങനെ തുടർന്നുപോകുന്നു അദ്ദേഹത്തിന്റെ സംഭാവനകൾ. കോനാട്ട് അബ്രഹാം മൽപ്പാനും സി. പി. ചാണ്ടിയും ഒരുമിച്ച് ശ്ഹീമാ നമസ്കാരം, ആനീദ, നോമ്പിലെ നമസ്കാരം, ശവ സംസ്കാര ശുശ്രൂഷക്രമം എന്നിങ്ങനെ അതുല്യങ്ങളായ രചനകളെ സഭയ്ക്ക് നൽകി. "പരമോന്നതമാം പദമതിലമരും പരനാം ദേവാ" എന്നാരംഭിക്കുന്ന മനോഹരമായ ഹൂത്തോമ്മ ആദ്യമായി തർജ്ജമ ചെയ്തത് ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തയാണ്. ആ ഗീതത്തെ ചാരുത ചോരാതെ മലയാളത്തിലേക്ക് ചിട്ടപ്പെടുത്തിയത് വെണ്ണിക്കുളം സി.പി. ചാണ്ടിയാണ്.

സഭാകവി സി.പി. ചാണ്ടിയെ അനശ്വരനാക്കിയ രചനയാണ് കാതോലിക്കാ മംഗളഗാനം. ഇന്ത്യയുടെ ദേശീയ ഗാനത്തിന്റെ ഈണത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ദേശീയ ഗാനം അദ്ദേഹം രചിച്ചു. 1969 ജനുവരി 7 ന് ഔഗേൻ പ്രഥമൻ കാതോലിക്ക ബാവാ സഭ മാനേജിംഗ് കമ്മറ്റിയിൽ വച്ച് "സുവർണ്ണ കീർത്തി മുദ്ര" നൽകി സഭാകവിയെ ബഹുമാനിച്ചു.

പരിശുദ്ധ പരിശുദ്ധ വട്ടക്കുന്നേൽ ബാവയോടൊപ്പം മാത്രമല്ല, പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായോടൊപ്പം ചേർന്ന് പരിശുദ്ധ ദൈവമാതാവിന്റെയും, വിശുദ്ധ മാർത്തോമാ ശ്ലീഹായുടെയും, വിശുദ്ധ ഗീവർഗീസ് സഹദായുടെയും പെരുന്നാളിന്റെ പെങ്കീസാ നമസ്കാരങ്ങൾ, വിശുദ്ധ മൂറോൻ കൂദാശക്രമം, മേൽപ്പട്ട സ്ഥാനാരോഹണക്രമം മുതലായവയുടെ മലയാള പദ്യഭാഗം ചിട്ടപ്പെടുത്തി. സുറിയാനി ഗാനങ്ങളെ അതേ രാഗത്തിൽ തന്നെ അർത്ഥ പുഷ്ടിയോടും സംഗീത ഭംഗിയോടും മലയാള പദ്യങ്ങളാക്കുക എന്ന ശ്രമകരമായ തപസ്യക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടവരിൽ ബലിഷ്ഠമായ കണ്ണിയാണ് വെണ്ണിക്കുളം സി.പി. ചാണ്ടി.

ക്രൈസ്തവ മതത്തിന്റെ കാതലായ തത്വങ്ങളും ദിവ്യാനുഭൂതികളും ഭാരതീയ കാവ്യരൂപത്തിലൂടെ അവതരിപ്പിക്കുവാൻ അദ്ദേഹം നടത്തിയ ശ്രമത്തിന്റെ ഫലമാണ് "ക്രിസ്തീയ ഭജന കീർത്തനം." ബൈബിളിലെ പഴയ - പുതിയ നിയമ കഥകളെ സമാഹരിച്ച് 51 ശ്ലോകങ്ങളിലൂ ടെ ഭജന കീർത്തനമായി അവതരിപ്പിച്ചു. പഴയ നിയമ കഥാപാത്രങ്ങളായ നോഹ, അബ്രഹാം, ലോത്ത് തുടങ്ങിയവരെ കുറിച്ചുള്ള സൂചിത കഥകളെ ഒരു ശ്ലോകത്തിൽ ഉൾക്കൊള്ളിച്ച് പുതിയൊരു കാവ്യാത്മക ബോധം സാധാരണ ജനങ്ങൾക്കിടയിൽ കൊണ്ടുവന്നു. ക്രൈസ്തവ ജീവിതമൂല്യദർശനവും കവിഭാവനയും കൂടി സമന്വയിച്ചപ്പോൾ ഉടലെടുത്ത വാങ്മയങ്ങൾക്ക് ഇപ്പോഴും ചാരുത അല്പം പോലും നഷ്ടമായിട്ടില്ലെന്ന് നിസ്സംശയം പറയാൻ സാധിക്കും.

1948 ൽ പുത്തൻകാവിൽ അധ്യാപകനായി അദ്ദേഹത്തെ പുത്തൻകാവിൽ കൊച്ചു തിരുമേനി നിയമിച്ചു. പിന്നീട് പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂളിൽ 1976 വരെ ബേസിൽ അരമനയിൽ താമസിച്ചുകൊണ്ട് പഠിപ്പിച്ചു. 2005 മെയ് 4 ന് സഭാകവി സി.പി. ചാണ്ടി അന്തരിച്ചു. പത്തനംതിട്ട ബേസിൽ ദയറാ ചാപ്പലിൽ അടക്കം ചെയ്തു.

മലങ്കര സഭ പിതാക്കന്മാരുടെ രചനകൾ പുനഃപ്രസിദ്ധീകരിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ പരിശുദ്ധ സഭ ആരംഭിച്ച "പൈതൃകം - മലങ്കര സഭ സാഹിത്യസരണി" പദ്ധതിയുടെ കോർഡിനേറ്ററും ജനറൽ എഡിറ്ററുമായ ഡോ. എം. കുര്യൻ തോമസിന്റെ നേതൃത്വത്തിൽ സഭാകവി സി. പി. ചാണ്ടിയുടെ പ്രധാന രചനകളെ ക്രോഡീകരിച്ചുകൊണ്ട് രണ്ട് കൃതികൾ (ഭക്തിയും വിഭക്തിയും നർമ്മവും, നിൻ സ്തുതിയും ഹാലേലുയ്യായും) പ്രസിദ്ധീകരിച്ചു.

ജീവിതാന്ത്യംവരെ അധ്യാപകനായിരുന്ന അദ്ദേഹത്തിന്റെ ഓർമ്മയെ നിലനിർത്തുന്നതിനുവേണ്ടി മികച്ച അധ്യാപകർക്ക്, അദ്ദേഹത്തിന്റെ പേരിലുള്ള "ആചാര്യ അവാർഡ്" ഇന്നും സഭ നൽകുന്നു.

മലങ്കരയുടെ രണ്ടാം പരിഭാഷായുഗം ആരംഭിച്ചത് മുതൽ സഭാകവി സി.പി. ചാണ്ടിയുടെ വിരലടയാളം പതിയാത്ത ഒരു ആരാധനക്രമവും മലയാളത്തിൽ ഇറങ്ങിയിട്ടില്ല എന്ന് തന്നെ പറയാം. യൗവനത്തിൽ തന്നെ സഭയോട് ബന്ധപ്പെട്ടും ക്രിയാത്മകമായ ഇടപെടൽ നടത്തിയും തന്റെ വ്യക്തിജീവിതത്തെ അർത്ഥപൂർണ്ണമാക്കിയ ധന്യജീവിതത്തിന്റെ ഉടമ. പതിറ്റാണ്ടുകൾക്കുശേഷവും ഇന്നും അദ്ദേഹം സ്മരിക്കപ്പെടുന്നത് സഭയോടുള്ള അഭേദ്യമായ ബന്ധവും ദൈവത്തോടുള്ള വിശ്വാസവും കൊണ്ടാണ്. മലങ്കര സഭയ്ക്ക് വേണ്ടി സ്വന്തം ജീവിതവും പ്രവർത്തനവും ഉഴിഞ്ഞുവെച്ച ഋഷിവര്യനായ സഭാകവി സി, പി. ചാണ്ടിയെ ക്കുറിച്ചുള്ള അറിവിന്റെ ആഴങ്ങളിലേക്ക് കടന്നു ചെല്ലുവാൻ വരും തലമുറയ്ക്ക് സാധിക്കട്ടെ.



# മലങ്കര സഭയുടെ രക്തസാക്ഷികൾ

പരമ്പര 3

## മുളന്തുരുത്തി ചാലിൽ കൊച്ചുകോര



സഖറിയാ പെരുമ്പടവം

പൊന്നോടൊത്ത് മത്തായി കത്തനാരുടെ ഏറ്റവും അടുത്ത സുഹൃത്തും സഹായിയും ചാലിൽ കൊച്ചുകോരയായിരുന്നു. സാമൂഹ്യ പരിഷ്കർത്താവും ബഹുജന പ്രമാണിയുമായിരുന്ന ഇദ്ദേഹം അച്ചനോടൊപ്പം എല്ലായ്പ്പോഴും ഉറച്ചുനിന്നു. ദീർഘനാൾ മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി അംഗമായിരുന്ന ഇദ്ദേഹം മുളന്തുരുത്തി പള്ളി *മാനുഷ്യ*വുമായിരുന്നു. ചാലിൽ കുടുംബത്തിലെ കാരണവർക്ക് പാരമ്പര്യം വഴി മുളന്തുരുത്തി പള്ളിയിൽ ലഭിച്ചുവരുന്ന കൈസ്ഥാനമാണ് *മാനുഷ്യം*.

മുളന്തുരുത്തി ചാലിൽ കുഞ്ഞിച്ചെറിയയുടേയും കോനാട്ട് ഉണിച്ചാരുടേയും പുത്രനായ *ചെറിയത് കോര* എന്ന കൊച്ചുകോരയെ *ആധുനിക മുളന്തുരുത്തിയുടെ ശില്പി* എന്നു വിശേഷിപ്പിക്കാവുന്നതാണ്. വടക്കൻ പ്രദേശങ്ങളിൽ മലങ്കര സഭയുടെ ആദ്യ ഇംഗ്ലീഷ് വിദ്യാലയമായ മുളന്തുരുത്തി സെന്റ് തോമസ് സ്കൂൾ 1887 - ൽ ഇദ്ദേഹത്തിന്റെ ശ്രമഫലമായി സ്ഥാപിച്ചു. ഈ സ്കൂൾ പിന്നീട് 1914 - ൽ സർക്കാരിലേയ്ക്ക് വിട്ടുകൊടുത്തു. സർക്കാർ ആശുപത്രി, രജിസ്റ്റർ കച്ചേരി, അഞ്ചൽ ഓഫീസ് തുടങ്ങി മുളന്തുരുത്തിയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളും പെൺപള്ളിക്കൂടവും സ്ഥാപിക്കപ്പെട്ടത് ഇദ്ദേഹത്തിന്റെ ശ്രമഫലമായാണ്. ചോറ്റാനിക്കര - പിറവം റോഡിന്റെ നിർമ്മാണവും അത് മുളന്തുരുത്തി പള്ളിയെ സ്പർശിക്കുന്നവിധം പുനർ രൂപകല്പന ചെയ്യപ്പെട്ടതും ഇദ്ദേഹത്തിന്റെ പരിശ്രമത്താലാണ്. മുളന്തുരുത്തി പഞ്ചായത്ത് സ്ഥാപിക്കപ്പെട്ടപ്പോൾ അതിന്റെ പ്രഥമ പ്രസിഡന്റും ചാലിൽ കൊച്ചുകോര ആയിരുന്നു. കൊച്ചി രാജാവിൽനിന്നും രണ്ടു പ്രാവശ്യം കീർത്തിമുദ്ര നേടിയ ചാലിൽ കൊച്ചുകോര കൊച്ചി രാജകീയ ദർബാറിലെ അംഗമായിരുന്നു. പിതാവിന്റെ മരണത്തെത്തുടർന്ന് 1891 - ൽ മുളന്തുരുത്തി പള്ളി *മാനുഷ്യം* സ്ഥാനം ഏറ്റെടുത്ത കൊച്ചുകോരയുടെ നേതൃത്വത്തിലാണ് മുളന്തുരുത്തി പള്ളിയും പള്ളിമേടയും നവീകരിച്ചത്. മരണപര്യന്തം മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗമായിരുന്ന അദ്ദേഹം പ.വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം ഉറച്ചുനിന്ന ജനനായകന്മാരിൽ ഒരുവനായിരുന്നു.

ഇന്ത്യാ, ഗോവാ, സിലോൺ ഇടവകകളുടെ മെത്രാപ്പോലീത്തായായിരുന്ന വാഴ്ത്തപ്പെട്ട അന്റോണിയോ ഫ്രാൻസിസ്കോ സേവ്യർ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായും മുളന്തുരുത്തി പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായിരുന്ന ചാലിൽ കൊച്ചുകോരയും തമ്മിൽ ഉണ്ടായിരുന്ന ചിരപരിചിതമായ ബന്ധം വെളിച്ചത്ത് കൊണ്ടുവരുന്നത് സഭാചരിത്രകാരനായ ഡോ. എം.കുര്യൻ തോമസാണ്. ആൾബലവും സാമ്പത്തികഭദ്രതയും ആദ്യകാലം മുതൽതന്നെ മാർ അൽവാറീസ് മിഷൻ നേരിട്ടിരുന്ന വെല്ലുവിളി ആയിരുന്നു. വൈദീകരുടെ സേവനവും പണവും അദ്ദേഹം മലങ്കര സഭയോട് നിരന്തരമായി അഭ്യർത്ഥിച്ചിരുന്നു. സാമൂഹിക - ഭാഷാപരമായ കാരണങ്ങളാൽ പലഘട്ടങ്ങളിലായി ഏതാനും വൈദീകരുടെ സേവനം താൽക്കാലികമായി പ്രദാനം ചെയ്യുവാൻ മാത്രമേ മലങ്കരസഭയ്ക്ക് സാധ്യമായുള്ളു. വ്യവഹാരപരമ്പരകളിൽപ്പെട്ട് ഉഴറിയിരുന്ന മലങ്കരസഭയ്ക്ക് സാമ്പത്തിക സഹായം എന്നത് അചിന്ത്യമായിരുന്നു. എങ്കിലും മലങ്കര മെത്രാപ്പോലീത്താമാരായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ, പ.വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ എന്നിവർ പല ഇടവക പള്ളികളേക്കൊണ്ടും മാർ അൽവാറീസിന് സാമ്പത്തിക സഹായം നൽകിച്ചിരുന്നു.

ഈ വസ്തുത പ. പരുമല തിരുമേനിയും ശരിവയ്ക്കുന്നുണ്ട്. അദ്ദേഹം 1899 ഏപ്രിൽ 7 - ന് അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ് പ. ഇഗ്നാത്തിയോസ് അബ്ദൽ മ്ശീഹാ ദ്വിതീയനയച്ച കത്തിൽ ...*ആബൂൻ യൂലിയോസ് അൽവാറിസ് ഇപ്പോൾ കൊളംബോയിലാണ്...അദ്ദേഹത്തിന്റെയും, ശിഷ്യന്മാരുടെയും ജോലി കൂടുതലും കത്തോലിക്കരുടെ ഇടയിലാണ്; പക്ഷേ, വളരെ അധികം പണം ആവശ്യപ്പെടുന്നുണ്ട്. പണത്തിന്റെ കുറവുകാരണം അദ്ദേഹത്തിന്റെ വേല അദ്ദേഹം വിചാരിക്കുംപോലെ നടക്കുന്നില്ല. അദ്ദേഹവും ശിഷ്യന്മാരും നിരന്തരം ഞങ്ങളിൽ നിന്നും കാശ് ആവശ്യപ്പെടുന്നുണ്ട്. ഞങ്ങൾ എവിടെനിന്ന് അവർക്ക് കൊടുക്കും; അദ്ദേഹത്തെക്കാൾ അധികം ഞങ്ങൾ കാശിന് ആവശ്യക്കാരാണ്. എന്നാൽ ഞങ്ങളുടെ ഇല്ലായ്മയിൽ നിന്നും കുറേശ്ശെ, കുറേശ്ശെ അവരുടെ നിലനില്പിനായി ഞങ്ങൾ സഹായിക്കുന്നുണ്ട്...* എന്നു രേഖപ്പെടുത്തുന്നു. ഇതായിരുന്നു എക്കാലത്തേയും സ്ഥിതി.

ഈ ദൃശ്യത്തിലേയ്ക്കാണ് ചാലിൽ കൊച്ചുകോര കടന്നുവരുന്നത്. പീഢയിലും ദാരിദ്ര്യത്തിലും കഴിയുന്ന മാർ

അൽവാറീസിനെപ്പറ്റി അനേകം കിംവദന്തികൾ അക്കാലത്ത് റോമൻ കത്തോലിക്കർ പ്രചരിപ്പിച്ചിരുന്നു. അവയിലൊന്ന് അദ്ദേഹം മരിച്ചുപോയി എന്ന് 1921-ൽ പ്രചരിച്ച വാർത്തയാണ്. *പ. വട്ടശ്ശേരിൽ തിരുമേനിയുടെ അനധികൃത മുടക്കിനെ തുടർന്ന് 1911 ജൂൺ 15-ന് പരസ്യ കല്പനയിലൂടെ അദ്ദേഹത്തിനു പിന്തുണ പ്രഖ്യാപിച്ച മാർ അൽവാറീസിനെ സമുദായ കാര്യങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്ന ചാലിൽ കൊച്ചുകോരയ്ക്ക് നേരിട്ട് പരിചയം ഉണ്ടായിരിക്കാൻ സാധ്യതയുണ്ട്* എന്നാണ് ഡോ. എം. കുര്യൻ തോമസ് അഭിപ്രായപ്പെടുന്നത്.

ഏതായാലും മുകളിൽ പരാമർശിച്ച വ്യാജവാർത്തയെ തുടർന്ന് 1921 മെയ് 29-ന് ഞായറാഴ്ച മുളന്തുരുത്തി പള്ളി ഇടവകക്കാരുടെ ഒരു യോഗം ചാലിൽ കൊച്ചുകോര പള്ളിയിൽ വിളിച്ചുകൂട്ടി. മാർ അൽവാറീസിന്റെ ചരമത്തെക്കുറിച്ചുള്ള വാർത്ത വ്യാജമാണന്നും, ...*മെത്രാപ്പോലീത്താ സുറിയാനിസഭയ്ക്കുവേണ്ടി ചെയ്തിട്ടുള്ള നന്മ വിലമതിച്ചുകൂടാത്തതാണെന്നും, അദ്ദേഹത്തിന്റെ ഇപ്പോഴത്തെ സ്ഥിതി ഏറ്റം ശോചനീയമാണെന്നും*... യോഗത്തെ അറിയിച്ചു. തുടർന്ന് അദ്ദേഹത്തെ സഹായിക്കുന്നതിനായി *മാർ അൽവാറീസ് മിഷൻ റിലീഫ് ഫണ്ട്* രൂപീകരിക്കുന്നതിനും നിശ്ചയിച്ചു. യോഗത്തിന്റെ പ്രധാന നിശ്ചയങ്ങളിൽ ചിലത് ഇതായിരുന്നു; മാർ അൽവാറീസിനെ സഹായിക്കുന്നതിനുള്ള ശ്രമങ്ങൾ ഉടൻ ആരംഭിക്കണം, മാർ അൽവാറീസ് മിഷൻ റിലീഫ് ഫണ്ടിലേയ്ക്ക് പിരിവ് ആരംഭിക്കണം. അത് മറ്റ് ഇടവകകളിലും പ്രാദേശിക കമ്മറ്റികൾ ഉണ്ടാക്കി വികസിപ്പിക്കണം, ആവശ്യത്തിനു പണം പിരിഞ്ഞതിനുശേഷം ഒരു ശെമ്മാശനെയോ പട്ടക്കാരനെയോ ഗോവയിലേയ്ക്ക് അയച്ച് അവിടെ മാർ അൽവാറീസ് മെത്രാപ്പോലീത്തായ്ക്ക് ഒരു ചാപ്പലും വീടും പണിയിച്ചു കൊടുക്കണം, ഈ കാര്യസാദ്ധ്യത്തിനായി *ചാലിൽ കൊച്ചുകോര പ്രസിഡന്റും ചാത്തുരുത്തിൽ മത്തായി വർക്കി സെക്രട്ടറിയും ഖജാൻജിയും ആയി ഒരു പത്തംഗ കമ്മറ്റി രൂപീകരിച്ചു*.

1921 ജൂലൈ ലക്കം *കാതോലിക സഭ മാസികയിൽ* ഈ യോഗത്തിന്റെ വിശദമായ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും മാസികാ പ്രവർത്തകർ പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തെങ്കിലും *മാർ അൽവാറീസ് മിഷൻ റിലീഫ് ഫണ്ട്* യാഥാർത്ഥ്യമായില്ല. രണ്ടു മാസത്തിനുള്ളിൽ ചാലിൽ കോരയുടെ രക്തസാക്ഷിത്വ മരണം മൂലം ഈ സഹായ ശ്രമം നാഥനില്ലാതെയായി. യാഥാർത്ഥ്യമായില്ലെങ്കിലും മാർ അൽവാറിസിന്റെ ലത്തീൻ മിഷന് ചാലിൽ കൊച്ചുകോരയുടെ നേതൃത്വത്തിൽ മുളന്തുരുത്തി പള്ളിക്കാർ നീട്ടിയതുപോലൊരു സഹായഹസ്തം മറ്റൊരിടത്തുനിന്നും ഉണ്ടായില്ല. തന്മൂലമാണ് തെക്കെ ഇന്ത്യയിലും ശ്രീലങ്കയിലും പരന്നുകിടന്ന മാർ അൽവാറീസിന്റെ സ്വതന്ത്ര കത്തോലിക്കാ പ്രസ്ഥാനം ഇന്ന് കേവലം ബ്രഹ്മവാർ മെത്രാസനത്തിലെ കൊങ്കിണി സമൂഹം മാത്രമായി ഒതുങ്ങിപ്പോയത്.

1921 (കൊല്ലവർഷം 1097 ചിങ്ങം 25) സെപ്റ്റംബർ 7-ന് മത്തായി കത്തനാരും ചാലിൽ കൊച്ചുകോരയും തമ്മിൽ മുളന്തുരുത്തി പള്ളിമേടയുടെ രണ്ടാം നിലയിൽ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ അന്ത്യോഖ്യാ ഭക്തിയാൽ ഉന്മത്തനായ ഒരു സ്കൂൾ അദ്ധ്യാപകൻ പള്ളിമേടയിൽ ഓടിക്കയറുകയും ചാലിൽ കൊച്ചുകോരയേയും മത്തായി കത്തനാരേയും വിറകിൻമുട്ടികൊണ്ട് അടിച്ചു വീഴ്ത്തുകയും ചെയ്തു. മത്തായി കത്തനാർ പിന്നീടാ വീഴ്ചയിൽ നിന്നും എഴുന്നേറ്റില്ല. ഏതാനും മാസങ്ങൾക്കു ശേഷം 1921 ഡിസംബർ 23-ന് അദ്ദേഹം മരിച്ചു. ചാലിൽ കൊച്ചുകോര രണ്ടാം ദിവസം സെപ്റ്റംബർ 9-ന് (ചിങ്ങം 27-ന്) മരിച്ചു.

---

# ആരാമം'2




*ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കൊല്ലം മെത്രാസന യുവജനപ്രസ്ഥാനം കല്ലട മേഖലയുടെ ആഭിമുഖ്യത്തിൽ പുത്തൂർ എസ്.എൻ. പുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ പരിസ്ഥിതി ദിനാഘോഷവും, തൈനടീലും ആരാമം സീസൺ 2 സംഘടിപ്പിച്ചു.*

*മെത്രാസന യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ.മാത്യു പി. ജോർജ് അദ്ധ്യക്ഷത വഹിച്ച യോഗം പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജെ. കെ. വിനോദിനി ഉദ്ഘാടനം ചെയ്തു. കല്ലട മേഖലാ സെക്രട്ടറി ബിനു മാമച്ചൻ, പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. തോമസ് വർഗീസ്, വാർഡ് മെമ്പർ ഷൈജു ദാസ്, ഡോ. ഡാലി, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീകുമാർ, യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി ലിജു തോമസ്, ട്രഷറർ സന്തോഷ് തോമസ്, ജോയിന്റ് സെക്രട്ടറിമാരായ ഏബൽ റ്റി ജോസ്, ജിൻസി ബാബു, കേന്ദ്ര അസംബ്ലി അംഗം റോബിൻ ബാബു, മേഖലാ സെക്രട്ടറിമാരായ ലിജോ യോഹന്നാൻ, അഡ്വ. ജെറിൻ ബാബു ജേക്കബ്, ഗ്രൂപ്പ് ഓർഗനൈസർമാരായ ലിബിൻ യോഹന്നാൻ, ആൻഡ്രൂസ് അലക്സാണ്ടർ, ജെഫിൻ ജോസ്, മെത്രാസന കമ്മറ്റി അംഗങ്ങളായ ബിജിൻ കെ. ബാബു, ഷിബു ശീമോൻ, സോനു ജോർജ്, യുവതികൾ ഉൾപ്പെടെയുള്ള പ്രസ്ഥാനംഗങ്ങൾ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.*

# ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ജില്ലാ തലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഓർത്തഡോക്സ് യുവജനപ്രസ്ഥാനം

കോട്ടയം : ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ മൈൽസ് വിത്തൗട്ട് മിസ്റ്റേക്ക്സ് ലഹരി വിരുദ്ധ പദ്ധതിയുടെ രണ്ടാം ഘട്ടം പ്രഖ്യാപിച്ചു. സംസ്ഥാന സർക്കാരിന്റെ ലഹരി വിരുദ്ധ ക്യാമ്പയിൻ ആയ ഓപ്പറേഷൻ തൂഫാനുമായി സഹകരിച്ചു നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി 1000 അംഗ യൂത്ത് സ്ക്വാഡ് രൂപീകരിച്ച് പരിശീലനം നൽകും. കേരളത്തിലെ 21 ഭദ്രാസനങ്ങളെ ജില്ലാ അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ ആക്കി തിരിച്ച് കേന്ദ്ര യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പദ്ധതി ഏകോപിപ്പിക്കുമെന്ന് കേന്ദ്ര പ്രസിഡന്റ് ഗീവർഗീസ് മാർ യൂലിയോസ് പറഞ്ഞു. കഴിഞ്ഞ വർഷം ജൂലൈ മാസത്തിൽ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തിയ കേരള യാത്ര ശ്രദ്ധിക്കപ്പെട്ടിരുന്നു. യുവജനങ്ങളെയും വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച പ്രചരണ പരിപാടിയുടെ തുടർച്ചയായിട്ടാണ് രണ്ടാംഘട്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഇടവക യുവജനപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, വിദ്യാർഥി യുവജന റാലികൾ, ഡിജിറ്റൽ മീഡിയ പ്രചാരണങ്ങൾ, കുടുംബ കേന്ദ്രീകൃത ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുമെന്ന് കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ജെയിൻ സി. മാത്യു, ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ്, ട്രഷറർ രഞ്ജു എം. ജോയ് എന്നിവർ പറഞ്ഞു

# നിരണം ഭദ്രാസന വാർഷിക സമ്മേളനം



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം, നിരണം ഭദ്രാസന വാർഷിക സമ്മേളനം 2026 മെയ് മാസം 17 തീയതി ചെങ്ങരൂർ സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലത്തിൽ വച്ച് നടത്തപ്പെട്ടു. പൊതുസമ്മേളനം പ്രശസ്ത പിന്നണി ഗായകൻ ശ്രീരാഗ് ഭരതൻ ഉദ്ഘാടനം ചെയ്തു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമനസ്സുകൊണ്ട് അധ്യക്ഷത വഹിച്ചു. മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ മുഖ്യസന്ദേശം നൽകി. ഭദ്രാസന യുവജനപ്രസ്ഥാനം വൈസ് പ്രസിഡൻറ് ഫാ. ബിബിൻ മാത്യു, ഇടവക വികാരി ഫാ. വർഗീസ് ജോൺ, ഇടവക സഹവികാരി ഫാ. നിതിൻ ജോസഫ്, മാനേജിംഗ് കമ്മറ്റി അംഗങ്ങളായ സജി മാമ്പ്രക്കുഴി, മത്തായി ടി വർഗീസ്, ഭദ്രാസന ജനറൽ സെക്രട്ടറി റിനോജ് ജോർജ് ചിറത്തലയ്ക്കൽ, ട്രഷറർ രോഹിത് കൊച്ചുതെക്കേതിൽ, ജോയിന്റ് സെക്രട്ടറി ജോജി ജോർജ്, മേഖല സെക്രട്ടറി അഡ്വ.ആകാശ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ സേവേറിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും തുടർന്ന് തിരുമേനി ക്ലാസ് നയിക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിൽ വിജയിച്ച അഭിലാഷ് വെട്ടിക്കാടൻ, ജിവിൻ പുളിമ്പള്ളിൽ, എന്നിവരെ യോഗം അനുമോദിച്ചു. ഉറവയിലേക്ക് എന്ന വേദ വിശ്വാസപഠന പരീക്ഷയിൽ വിജയികളായവരെ അനുമോദിച്ചു. ഭദ്രാസന കലാമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ സെന്റ്തോമസ് കവിയൂർ, രണ്ടാം സ്ഥാനം നേടിയ കുറ്റപ്പുഴ മാർ ഗ്രീഗോറിയോസ്, മൂന്നാം സ്ഥാനം നേടിയ നിരണം സെന്റ് മേരീസ് എന്നിവർക്കും, ഭദ്രാസനത്തിലെ മികച്ച യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ട മുത്തൂർ സെന്റ് ജോർജ് എന്നീ യൂണിറ്റുകൾക്കുമുള്ള അവാർഡുകൾ സമ്മേളനത്തിൽ വിതരണം ചെയ്തു

# യുവജനപ്രസ്ഥാനം കൊച്ചി ഭദ്രാസന വാർഷിക കോൺഫറൻസ്

ചുവന്നമണ്ണ്, തൃശ്ശൂർ: കൊച്ചി ഭദ്രാസനത്തിന്റെ യുവജനപ്രസ്ഥാനത്തിന്റെ വാർഷിക കോൺഫറൻസ് 2026 മെയ് 27 ന് ചുവന്നമണ്ണ് സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് നടന്നു. കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യാക്കോബ്



മാർ ഐറേനിയോസ് തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്തു. സിനിമ താരം ശീതൾ സക്കറിയ മുഖ്യാഥിതി ആയിരുന്നു. ഭദ്രാസന യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. നിജിൽ ജേക്കബ് വർഗ്ഗീസ് അധ്യക്ഷത വഹിച്ച സമ്മേളനത്തിന് യുവജനപ്രസ്ഥാനത്തിന്റെ ചുവന്നമണ്ണ് മേഖല പ്രസിഡന്റ് ഫാ.എബി ബെൻസൺ സ്വാഗതം ആശംസിച്ചു. ഭദ്രാസന സെക്രട്ടറി ഫാ.സി. എം. രാജു, യുവജനപ്രസ്ഥാനത്തിന്റെ എറണാകുളം മേഖല പ്രസിഡന്റ് ഫാ. റാൻസ് തോമസ് ചാക്കോ, മുളന്തുരുത്തി മേഖല പ്രസിഡന്റ് ഫാ. സഞ്ജയ് ഏലിയാസ്, സഭാ മാനേജിങ് കമ്മറ്റി അംഗം കെ.പി. ഔസേപ്പ്, ഭദ്രാസന കൗൺസിൽ അംഗം ബിനോയ് മേക്കാട്ടിൽ, ഇടവക സെക്രട്ടറി സനോജ് അമ്പഴച്ചാലിൽ, എന്നിവർ ആശംസകൾ അറിയിച്ചു.

കേന്ദ്ര ജനറൽ സെക്രട്ടറി ഫാ.വിജു എലിയാസ്, കേന്ദ്ര ട്രഷറാർ രെഞ്ചു എം. ജോയ് എന്നിവർ കോൺഫറൻസിൽ സംബന്ധിച്ചു. ഇവരുടെ സേവനങ്ങൾ മാനിച്ച് കൊച്ചി ഭദ്രാസന യുവജന പ്രസ്ഥാനം ഇരുവരെയും ആദരിച്ചു. ഫാ. ജിത്തു തോമസ്, തുമ്പമൺ ക്ലാസ്സ് നയിച്ചു. തുടർന്ന് ഭദ്രാസന അസംബ്ലി നടത്തപ്പെട്ടു. ജനറൽ സെക്രട്ടറി ഷെയ്സ് എ. ജെ. വാർഷിക റി പ്പോർട്ട് അവതരിപ്പിച്ചു. ട്രഷറാർ കിരൺ രാജ് വാർ ഷിക കണക്ക് അവതരിപ്പിച്ചു. ജോയിന്റ് സെക്രട്ടറി ജെർലിൻ കെ. പോൾ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നവീകരിച്ച ബെസ്റ്റ് യൂണിറ്റ് മാനദണ്ഡങ്ങൾ അവതരിപ്പിച്ചു. മേഖല ഓർഗ്ഗനൈസർമാരായ അഖിൽ സാമുവൽ, ഗോഡ്വിൻ സോജൻ, ജേക്കബ് മാത്യു എന്നിവർ സന്നിഹിതരായിരുന്നു. മുൻവർഷത്തെ കാലമേളയുടെ സമ്മാനദാനം അഭിവന്ദ്യ തിരുമനസ്സ് കൊണ്ട് നിർവഹിച്ചു. ജനറൽ സെക്രട്ടറി ഷെയ്സ് എ.ജെ. നന്ദി അറിയിച്ചു. ഇരുനൂറിൽ പരം യുവജനങ്ങൾ പങ്കെടുത്തു.



# *ശ്ലീഹാ നോമ്പ്*

*കേരളത്തിലെ സുറിയാനി ക്രിസ്തീയ സഭകളിൽ, പ്രത്യേകിച്ച് മലങ്കര ഓർത്തഡോക്സ് സഭയിൽ, ജൂൺ 16 മുതൽ ജൂൺ 29 വരെ ആചരിക്കുന്ന നോമ്പാണ് ശ്ലീഹാ നോമ്പ് അഥവാ അപ്പോസ്തോലന്മാരുടെ നോമ്പ്.*

*ബൈബിളിൽ അപ്പോസ്തോല പ്രവൃത്തികൾ 13:2 - 3 ൽ നാം വായിക്കുന്നു: 'അവർ കർത്താവിനെ ആരാധിക്കുകയും ഉപവസിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് പറഞ്ഞു: ഞാൻ വിളിച്ചിരിക്കുന്ന പ്രവൃത്തിക്കായി ബർണബാസിനെയും ശൌലിനെയും എനിക്കായി വേറുതിരിക്കുവിൻ. അപ്പോൾ അവർ ഉപവസിച്ചും പ്രാർത്ഥിച്ചും അവരുടെ മേൽ കൈകൾ വെച്ച് അവരെ അയച്ചു.' ഇതാണ് ശ്ലീഹ നോമ്പിന്റെ പശ്ചാത്തലം.*

*ശ്ലീഹന്മാരെ പോലെ നമ്മളും 'അയക്കപ്പെട്ടവർ' ആണ്. വീട്ടിൽ, സ്കൂളിൽ, ജോലി സ്ഥലത്ത് നാം സ്നേഹത്തിന്റെയും സത്യത്തിന്റെയും സാക്ഷികൾ ആകണം. നോമ്പ് നമ്മെ സ്വാർ ത്ഥതയിൽ നിന്ന് മാറ്റി, മറ്റുള്ളവർക്കായി ജീവിക്കാൻ പഠിപ്പിക്കുന്നു.*

*നോമ്പെടുക്കാതെ ജീവിക്കാം, പക്ഷേ നോമ്പെടുത്ത് ജീവിക്കുന്ന ജീവിതത്തിന് ഒരു പ്രത്യേക മധുരമുണ്ട്" - അതാണ് ശ്ലീഹാ നോമ്പ് നമ്മെ ഓർമ്മിപ്പിക്കുന്നത്.*

*ശ്ലീഹന്മാരുടെ മദ്ധ്യസ്ഥതയാൽ നമുക്കെല്ലാവർക്കും അനുഗ്രഹം ഉണ്ടാകട്ടെ...*



**റോബിൻ ജോ വർഗീസ്** (പബ്ലീഷർ)




**JOJO JOSEPH ZACHARIAH**
Thottumkara House, Puthencavu, Chengannur &


**DONA ABRAHAM**
Pattukalayil House, Kurichimuttom, Edayaranmula

MJ EVENTS

MATHA
WEDDINGS & CATERES

Chengannur

Mob:9562412522, 9037962522




Printed & Published by H.G.Dr.Geevarghese Mar Yulios Metropolitan, on behalf of President, Orthodox Christian Youth Movement, St. Thomas Bhavan, Kottayam
Layout & Printed at : Peediakkal Printers,Thiruvalla Phone : 94958 37117 Cheif Editor : Fr.Luke Babu, Publisher : Robin Jo Varghese.
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997